Registered No. M-4485

Madras War Review, Malayalam—1-9-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 സപ്തെമ്പർ 1-ാംനു, വെള്ളിയാഴ്ച [ലക്കം 52

## പതിന്നാലാം പടക്ക് അഭിവന്ദനം



വിഷയവിവരം


| | ഭാഗം |
|---|---|
| പതിന്നാലാം പടക്ക് അഭിവന്ദനം | 1 |
| മലബാറിലെ റേഷനിങ്ങ് | 2 |
| ആഴ്ചക്കുറിപ്പുകൾ | 3–5 |
| യോദ്ധാക്കളുടെ ബന്ധുക്കളെ കാണ്മാൻ | 6 |
| പ്രത്യേക ലേഖനങ്ങൾ | 7–8 |
| ചെറുകഥ : ക്ലാർക്കിൻെറ ഭാര്യ | 9, 12 |
| വേലിയിറക്കം ആരംഭിച്ചു | 10–11, 16 |
| നാടകം : ചേരമാൻ പെരുമാൾ | 13–16 |


# മലബാറിലെ റേഷനിങ്ങ്

മലബാർ റേഷനിങ്ങ് സംബന്ധിച്ച് നെല്ലു വിലക്കെട്ടുകുന്നതു് പാലക്കാടൻ പറക്ക് 1 ക. 5 ണ. വെച്ചായിരിക്കുമെന്ന് മദ്രാസ് ഗവമ്മേണ്ടു് കല്പന പുറപ്പെടുവിച്ചിരിക്കുന്നു. ഇതു് വയനാട്ടു് താലൂക്കിന്നു് ബാധകമല്ല.

❖ ❖ ❖ ❖

റേഷൻ പ്രവൃത്തിയുള്ളതിനാൽ റംസാൻ കല്പനക്കു് സ്കൂൾ പൂട്ടിയാൽ അദ്ധ്യാപകന്മാർ സ്ഥലം വിടരുതെന്നുള്ള ഡിപ്പാർട്ടുമെണ്ടു് കല്പന മലബാറിൽ പലേടങ്ങളിലും മാപ്പിള സ്കൂൾ അദ്ധ്യാപകന്മാൎക്ക കിട്ടിയിരിക്കുന്നുവത്രെ.

❖ ❖ ❖ ❖

മലബാർ വത്തക മണ്ഡലത്തിൻെറ മാനേജിങ്ങ് കമിററിയുടെ ഒരു യോഗത്തിൽ മററു പ്രമേയങ്ങൾ പാസ്സാക്കിയ കൂട്ടത്തിൽ പട്ടാളാവിശ്യത്തിന്നു് തടിപടിക്കുന്ന ആനകൾക്ക അരി റേഷൻ അനുവദിക്കാൻ സിവിൽ സപ്ലൈസ് കമീഷണരോടപേക്ഷിച്ചുകൊണ്ടു ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു.

❖ ❖ ❖ ❖

റേഷനിങ്ങിൻെറ പ്രാരംഭമായി ഭക്ഷണധാന്യങ്ങൾ ക്രയവിക്രയം ചെയ്യാൻ പാടില്ലെന്നു മലബാറിലെ അംശങ്ങളിൽ ചെണ്ടകൊട്ടി അറിയിച്ചിരിക്കുന്നു.

❖ ❖ ❖ ❖

മലബാർ ആകമാനം നടപ്പിലാകുന്ന റേഷനിങ്ങ് സംബന്ധിച്ച് ജനസംഖ്യ എടുക്കുന്നതു് ആഗസ്റ്റ് 29-ാം തിയ്യതി തുടങ്ങുവാൻ കല്പന പാസ്സാക്കിയിരിക്കുന്നു. ഈ പ്രവൃത്തി പത്തു ദിവസം കൊണ്ടു് തീക്കേണമെന്ന് ഓർഡറിൽ പ്രസ്താവിച്ചിട്ടുണ്ടു്. വീടുകൾക്ക നമ്പറിടുന്ന ജോലി അവസാനിപ്പിച്ചിരിക്കുന്നു.

❖ ❖ ❖ ❖

മലബാറിലെ ഡിസ്ത്രിക്ട് റേഷനിങ്ങ് ആഫീസർ ജ. എ. കുഞ്ഞഹമ്മദ് സാഹിബും, ജില്ലാ ഗ്രെയിൻ പർച്ചേസിങ്ങ് ആപ്പീസ്സർ ശ്രീ യു. എസ്സ് പണിക്കാരുമാകുന്നു. ഓരോ താലൂക്കിന്നും ഓരോ താലൂക്ക റേഷനിങ്ങ് ഓഫീസറും ഉണ്ടു്.

❖ ❖ ❖ ❖

മലബാറിലെ പ്രധാന ഉൽപ്പന്നങ്ങളായ ചുക്കും കുരുമുളകും കയററുമതി ചെയ്യുന്ന കായ്യം നിയന്ത്രണത്തിന്നു വിധേയമായിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കൊപ്പരയുടെ കയററുമതിയും നിയന്ത്രിച്ചിട്ടുണ്ടു്. രണ്ടു കൊല്ലം മുമ്പ് ചുക്കു കണ്ടിക്ക 600 ക. യായിരുന്നു. ഇപ്പോൾ അതു് 180 ക. 5 ണ. യാണു്. കുരുമുളകു് കണ്ടിക്ക 560 ക. യായിരുന്നു രണ്ടു കൊല്ലം മുമ്പ്. ഇപ്പോൾ 280 ക. യാണു്.

❖ ❖ ❖ ❖

റേഷനിങ്ങിൻെറ കണക്കെടുക്കുമ്പോൾ വീട്ടിലുള്ളതിൽ അധികരിച്ച ആളുകളുടെ എണ്ണം പറയുന്നവൎക്ക മൂന്നു കൊല്ലത്തെ ശിക്ഷയനുഭവിക്കേണ്ടിവരുമെന്നാണെത്രെ നിയമം.

❖ ❖ ❖ ❖

മലബാറിലെ റേഷനിങ്ങ് നിയമമനുസരിച്ച് പ്രായപൂത്തിവന്ന ഒരാൾക്ക ഒരു ദിവസത്തേക്ക അനുവദിച്ചിരിക്കുന്നതു സുമാറ് ഒരു നാഴി മൂന്നാഴക്കു് അരിയോ, മുത്താറിയൊ, ചാമയൊ ആണു്. നെല്ലായിട്ടു കൊടുക്കുമ്പോൾ അരിയുടെ ഇരട്ടിയാണു് കൊടുക്കുക. അടിയന്തരാദികൾക്കു് ഒരു നിശ്ചിതതോതിൽ വിഹിതം കിട്ടുന്നതാണു്. വിരുന്നുകാർ വന്നാൽ വീട്ടുടമസ്ഥൻ അംശം മേനോനെ അറിയിച്ചാൽ അവൎക്കുള്ള റേഷൻ കിട്ടുന്നതായിരിക്കും.

## ആഴ്ചക്കുറിപ്പുകൾ

### ഭാവിനിരീക്ഷണം

യുദ്ധം ഒക്ടോബർ മാസത്തിൽ അവസാനിക്കുമെന്നു് പറയാൻ വലിയ തപശ്ശക്തിയൊ ത്രികാലജ്ഞാനമൊ ഒന്നും ആവിശ്യമില്ല. ജർമ്മനിയുടെ ഹൃദയപഞ്ജരം തല്ലിത്തകർക്കുന്ന വിജയഭേരി ഓരോ ഭടനും പോർക്കളത്തിൽ നിന്നുകൊണ്ടു കേൾക്കാൻ തുടങ്ങിയിരിക്കുന്നു. ഏതു് ത്രികാലജ്ഞാനിക്കും ജ്യോത്സ്യനും ഉള്ള നിരീക്ഷണശക്തിയെക്കാൾ ലോകത്തിലെ സാധാരണക്കാരായ പുരവാസിജനങ്ങൾക്കുണ്ടു നിരീക്ഷണശക്തിയെന്നു് ഇന്നത്തെ അനുഭവം കൊണ്ടറിയാം. അധർമ്മം നശിച്ചു് ധർമ്മസ്ഥാപനം ഒരവസരത്തിൽ ഉണ്ടാകാതിരിക്കയില്ലെന്നു് ലോകത്തിലെ സർവ്വജനങ്ങൾക്കും ഉറച്ചതായ ഒരു ബോദ്ധ്യം ഇല്ലായിരുന്നുവെങ്കിൽ ദുർമ്മതികളായ ശത്രുവൃന്ദങ്ങളാരംഭിച്ച നാശനശീകരണ വേലയെ എതൃത്തുകൊണ്ടുള്ള ഒരു പ്രസ്ഥാനമാരംഭിച്ചു് അതിനെ ലോകമാസകലം പ്രചരിപ്പിക്കുവാൻ അവർക്കു് ധൈര്യമുണ്ടാകുമൊ? ഇന്നു ഈ സ്വതന്ത്ര സൈന്യമല്ലെ കൊടിയും ഉയർത്തിപിടിച്ചു്, സ്വാതന്ത്ര്യശംഖധ്വനി മുഴക്കി, സ്വാതന്ത്ര്യസമരം ലോകമാസകലം ചെയ്തുകൊണ്ടുവരുന്നതു്!

സപ്തെമ്പർ 3-ാം തിയ്യതി ആ ജർമ്മൻ കുമ്മായപ്പണിക്കാരനും അവന്റെ അനുയായികളായ പട്ടാളക്കാർക്കും ദുഃഖസമ്മിശ്രവും, മർമ്മഭേദകവുമായ ചിന്തകൾക്കല്ലാതെ മറ്റൊന്നിനും ഉള്ള മുഹൂർത്തമല്ലാ. നാസിമതം ലോകത്തിൽ പ്രചരിപ്പിച്ചുകളയാമെന്നുള്ള മോഹമെല്ലാം അവർക്കു സ്വപ്നപ്രായമായി കഴിഞ്ഞു. ഹിററ്ലരുടെ കൂട്ടാളികളെല്ലാം ആയാളെ ഓരോന്നോരോന്നായി വിട്ടുപിരിഞ്ഞു് "നല്ല" കുട്ടികളാവാൻ ശ്രമിക്കുന്നു. ഈ നിലക്കു് ഹിററ്ലർ താമസിയാതെ ഒററപിരിയേണ്ടി വന്നേക്കാമെന്നും, അങ്ങിനെയായാൽ ആയാൾക്കു് തന്നെത്താനോ മററു വല്ലവരാലൊ വല്ല ആപത്തും നേരിട്ടേക്കാമെന്നും പ്രതീക്ഷിക്കാവുന്ന വിഷയമാണെങ്കിലും, ഹിററ്ലർ ചത്താലും ജീവിച്ചാലും നമുക്കു യാതൊരു വിരോധവുമില്ലെന്നേ പറവാനുള്ളു. സർവ്വജനങ്ങളും ആഗ്രഹിക്കുന്നതു് ഹിററ്ലരുടെ വംശനാശവും മതനാശവുമാണു്. അതിനാൽ ഇതെവരെ കഴിഞ്ഞ അഞ്ചു കൊല്ലത്തെ യുദ്ധം ഇനിയൊരു മനോപരിഷ്ക്കരണ പദ്ധതിയുടെ ആരംഭമാകുന്നു. ലോകത്തിൽ അധികാരം കയ്ക്കലാക്കണം, എന്നു വെച്ചു് തുനിഞ്ഞു പുറപ്പെടുന്ന ആളുകളും, രാഷ്ട്രങ്ങളും സമുദായങ്ങളും ധാരാളമായിട്ടുണ്ടു്. ഇവരെല്ലാം നാസിമതക്കാരുടെ പിന്തുടർച്ചാവകാശികളായതിനാൽ ഇവരെ ഇല്ലാതാക്കുവാനും, ഇവരെപോലുള്ളവരെ ലോകത്തിൽ ജനിപ്പിക്കാതിരിക്കുവാനും ഉതകുന്ന ഔഷധം സമുദായത്തിൽ കുത്തിക്കയററണം. ഇതാണു് യുദ്ധം കഴിഞ്ഞാൽ ആരംഭിക്കേണ്ടുന്നതായ പ്രവൃത്തി. ഈ പ്രവൃത്തി ഒട്ടും നിസ്സാരമായിട്ടുള്ളതല്ലതാനും. ശാസ്ത്രജ്ഞാനംകൊണ്ടു ബുദ്ധിക്കുണ്ടാകുന്ന ദൃഢതയും, ജീവകാരുണ്യവും തന്നെയാണു് സംസ്ക്കാര സൌധത്തിന്നടിസ്ഥാനമായിരിക്കേണ്ടതു്. ഇതു് യുദ്ധകാലത്തെന്നു മാത്രമല്ല, യുദ്ധാനന്തരവും ഇങ്ങിനെത്തന്നെയായിരിക്കയുംവേണം.

ന്യൂഡൽഹിയിൽ വെച്ചു് കഴിഞ്ഞ തിങ്കളാഴ്ച, സേർ സുൽത്താൻ അഹമ്മദ് ചെയ്ത ഒരു പ്രസംഗത്തിൽ ഭാവിയിലെ മേൽപറഞ്ഞ വിധത്തിലുള്ള സമുദായ പുനസ്സംഘടനകാര്യത്തിൽ ദേശീയ സമരനിരക്കു് കർത്തവ്യമായിട്ടുള്ളതിനെക്കുറിച്ചു് പ്രസ്താവിക്കുകയുണ്ടായി. "ദേശീയ സമരനിരയെ ഭാവിയിലെ സമുദായ പുനസ്സംഘടനകാര്യത്തിൽ ഏതു വിധമാണു് ഉപയോഗിക്കേണ്ടതെന്ന വിഷയം ഗവർമ്മേണ്ടു് ഗാഢമായി ആലോചിച്ചുവരുന്നുണ്ടു്."

### ഇന്ത്യക്കാർക്കു് നാവികബുദ്ധിയുണ്ടാകണം

യുദ്ധാനന്തരപുനസ്സംഘടനാകാര്യം ആലോചിക്കുന്ന ഘട്ടത്തിൽ ഒരു മാന്യന്റെ വക്കൽനിന്നു് വിലയേറിയ ഒരഭിപ്രായം കേൾക്കാനിടയായി. ഇന്ത്യൻ കടൽസൈന്യനായകനായ വൈസ് അഡ്മിറൽ ജെ. എച്. ഗോഡ്ഫ്രേ ഈ യാഴ്ച മദിരാശി സന്ദർശിച്ചിരുന്നുവെല്ലൊ. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ഇന്ത്യക്കാർക്കു് നാവികബുദ്ധിയുളവാകേണമെന്നാണു്. റോയൽ ഇന്ത്യൻ നേവിക്കു് വേണ്ട സഹായം ചെയ്വാനും, ഇന്ത്യയിൽ ഒരു നേവി ലീഗ് രൂപീകരിപ്പാനും, കപ്പൽ ജോലിക്കാരുടെ സഹായത്തിന്നും രക്ഷക്കും ഒരു ഫണ്ടു് ശേഖരിക്കുവാനുമാണു് അദ്ദേഹം അഭ്യർത്ഥനചെയ്തതു്. ഇന്ത്യൻ പടക്കപ്പലുകളിലെ ജോലിക്കു കടലിൽനിന്നു് എത്രയോ നാഴികദൂരെ കിടപ്പുള്ള പഞ്ചാബ് സംസ്ഥാനത്തിൽനിന്നു് ആളുകൾ വരുന്നുണ്ടെന്നുള്ളതു് ഏത്രയും അത്ഭുതാവഹമായിട്ടുള്ള സംഗതിയാണു്. എന്നാൽ പൂർവ്വകാലങ്ങളിൽ ഇന്ത്യക്കു് സ്വന്തമായിട്ടുള്ള കപ്പലുകൾ ഉണ്ടായിരുന്നുവെന്നും, ഈ കപ്പലുകൾ സ

മുദ്രത്തിൽക്കൂടി വളരെ ദൂരപ്രദേശങ്ങളിൽപോലും പോയിരുന്നുവെന്നും തെളിയിക്കുന്ന റിക്കാർഡുകൾ അനവധിയുണ്ടു്. ഇന്ത്യൻ കപ്പലുകളെക്കുറിച്ചുള്ള തെളിവുകൾ ജാവയിലെ ബോറോബോഡർ നഗരിയിലുള്ള ശിലാലിഖിതങ്ങളിൽക്കൂടി കാണുന്നുണ്ടു്. കടൽസൈന്യത്തിൽ ചേരുന്നവൎക്കു് നേതൃത്വത്തിന്നു് വേണ്ടുന്ന സ്വഭാവങ്ങളെല്ലാം ധാരാളം ഉണ്ടായിരിക്കണം. നേവി സംബന്ധമായിട്ടുള്ള ഡബ്ല്യൂ. എ. സി. യിലേക്കു സ്ത്രീകളെയും ആവശ്യമാണു്. കടൽപടയിൽ ചേരുന്ന ഒരാൾക്കു് ഒരു യോദ്ധാവിന്റെ സൎവ്വ ഗുണങ്ങളും ഉണ്ടായിരിക്കണം. അതുകൂടാതെ ഭയങ്കരമായ പ്രകൃതിയോടു ഒരു മേച്ച്യും ഉണ്ടാകണം. യുദ്ധം യൂറോപ്പിൽ അവസാനിക്കുന്നതോടുകൂടി, പൂൎവ്വരംഗത്തിൽ ഉള്ള യുദ്ധം ക്രമേണ വൎദ്ധിച്ചുവരാതിരിക്കയില്ല.

### റുമേനിയാ

റഷ്യയുടെ ബാൾക്കൻ പ്രദേശത്തുള്ള പുരോഗതിയിൽ റുമേനിയ ഏറക്കുറെ മുഴുവനും ജൎമ്മൻകക്ഷിയിൽനിന്നു് വിമുക്തയായിരിക്കുന്നു. റുമേനിയായിൽ ഇപ്പോൾ എണ്ണയെടുക്കുന്ന പ്രദേശങ്ങളിൽമാത്രമെ ജൎമ്മൻ സൈന്യങ്ങളുള്ളു. ബൾഗേറിയായും ജൎമ്മൻ കക്ഷിയിൽനിന്നു് വിട്ടുപിരിഞ്ഞു. ഇവരുടെ സമാഗമം ഐക്യകക്ഷികൾക്കു് ശക്തി പൂൎവ്വാധികം കൂട്ടുന്നുണ്ടെന്നു പറവാൻ വയ്യ. തീൎച്ചയായും അവരുടെ വേർപാടു് ജൎമ്മൻ കക്ഷിയുടെ ശക്തി വളരെ ചുരുക്കുകയും ലോകത്തിലെ ജനതയുടെ അനുഭാവം ഐക്യകക്ഷികളോടു് വളരെ അധികരിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. റുമേനിയായിലെ ജൎമ്മൻ സൈന്യത്തിന്റെ കെല്പു് വളരെ ചുരുങ്ങിയിരിക്കുന്നുവെന്നുമാത്രമല്ല, അവർ ആയുധങ്ങൾ വലിച്ചെറിഞ്ഞു് ഓടിപ്പോവുകയാണു്. യൂക്രേണിയൻ റഷ്യൻ സൈന്യം ഗാലാട്ട്സ് ചുരത്തിൽക്കൂടി റുമേനിയായുടെ മൎമ്മപ്രദേശത്തേക്കു് കുതിക്കുകയാണു്. ഈ മൎമ്മപ്രദേശമാണു് പ്ലസ്റ്റി. പ്ലസ്റ്റിയിൽ പലേ പ്രാവശ്യവും ഐക്യകക്ഷികളുടെ വിമാനാക്രമണം ഉണ്ടായിട്ടുണ്ടു്. റുമേനിയ പൂൎത്തിയായി ജൎമ്മനിയുടെ വക്കൽനിന്നു് പൊയ്ക്കഴിഞ്ഞാൽ ജൎമ്മനിയുടെ എണ്ണയെക്കുറിച്ചുള്ള നിവൃത്തിമാൎഗ്ഗം അവസാനിച്ചു.

## ലോകമഹാ യുദ്ധം




### യുദ്ധയന്ത്രത്തിന്റെ ജീവിസ്സ്

റുമേനിയായിൽ ഒരു കൊല്ലത്തിൽ അറുപത്തഞ്ചു ലക്ഷം ടൺ എണ്ണയുണ്ടാവുന്നുണ്ടു്. എന്നാൽ അടുത്ത കാലങ്ങളായി ഐക്യ കക്ഷികളുടെ വിമാനാക്രമണങ്ങൾകൊണ്ടു് റുമേനിയായിലുള്ള എണ്ണ സ്ഥാപനങ്ങൾക്കു വളരെ നാശം തട്ടിയതിനാൽ ജൎമ്മനിക്കു എണ്ണ പോരാതെ വരികയും, കല്ക്കരിയിൽനിന്നു് എണ്ണയുണ്ടാക്കുവാൻ തുടങ്ങുകയും ചെയ്തു. ഇതിനാണു് സിന്തററിക്കു് ഓയൽ എന്നു പറയുന്നതു്. ഏതുവിധമെങ്കിലും എണ്ണ കിട്ടാതെ ഇന്നത്തെ യുദ്ധം നടത്തുവാൻ സാധിക്കയില്ല; എണ്ണയാണു് ഇക്കാലത്തെ യുദ്ധങ്ങളുടെ ജീവനാഡി. എണ്ണ കിട്ടുന്നതു് അവസാനിച്ചാൽ യുദ്ധവും അതോടുകൂടി അവസാനിച്ചു. ജൎമ്മനിയുടെ സൈന്യനാശം ചെയ്വാൻ യഥാൎത്ഥത്തിൽ സൈന്യങ്ങളെ കൊല്ലുകയൊ, തടവുകാരാക്കി പിടിക്കുകയൊ ചെയ്യേണമെന്നില്ല. ശത്രുരാജ്യത്തേക്കു വിദേശങ്ങളിൽനിന്നു വരുന്ന സാധനങ്ങളുടെ വരവു നിൎത്തൽ ചെയ്യുക; ബോംബാക്രമണം നടത്തി ശത്രുക്കളുടെ ഉപകരണ കേന്ദ്രങ്ങൾ നശിപ്പിക്കുക; ഇങ്ങിനെ രണ്ടു കൎമ്മങ്ങൾ ഇടവിടാതെ ചെയ്താൽ ശത്രുവിന്നു് ക്ഷീണം തട്ടാതെ കഴികയില്ല. ഇപ്പോൾ എണ്ണയുടെ കാൎയ്യത്തിൽ ജൎമ്മനിയുടെ സ്ഥിതി വളരെ മോശമായിരിക്കുന്നു. റുമേനിയയായിരുന്നു ജൎമ്മനിയുടെ എണ്ണക്കലവറ.





## ഇങ്ങിനെ കാണുക




### പൂൎവ്വരംഗത്തിലെ മുഹൂൎത്തം

സേർ ബ്രൂസ് ഫ്രൈസറെ ഈസ്റ്റേൺ ഫ്ലീററിന്റെ കമാണ്ടർ ആക്കി അദ്ദേഹം വന്നു് ചാൎജ്ജ് എടുത്തതോടുകൂടി ലൂയി മൌണ്ട്ബാററൻ പ്രഭു ലണ്ടനിൽനിന്നു് തന്റെ തലസ്ഥാനത്തേക്കു തിരിച്ചെത്തുകയും ചെയ്തിരിക്കുന്നു. ഈ രണ്ടു വൎത്തമാനങ്ങളും ജാപ്പാന്നു് ഒട്ടും സുഖകരമായിരിപ്പാൻ തരമില്ല. ഇവരുടെ വരവു ജാപ്പാന്റെ നേരെയുള്ള ആക്രമണത്തിന്റെ മുഹൂൎത്തം കുറിക്കുന്നു. യൂറോപ്പിൽ അതിഭയങ്കരമായ യുദ്ധം നടക്കുന്നില്ലെങ്കിൽ ഇപ്പോൾ ബൎമ്മയിൽ നടന്ന യുദ്ധം തന്നെ അതിഭയങ്കരമായി തോന്നിയേനെ. എന്നാൽ യൂറോപ്പിലുള്ള യുദ്ധം അവസാനിച്ചു കഴിഞ്ഞാൽ യുദ്ധവൎത്തമാനങ്ങളിൽ ഇന്ത്യയും ബൎമ്മയും തന്നെയായിരിക്കും പ്രഥമസ്ഥാനം വഹിക്കുക. "രാജശാസനമനുസരിച്ചു ശാന്തസമുദ്രത്തിലേക്കയക്കാവുന്ന ഓരോ ഭടനേയും, ഓരോ കപ്പലിനെയും, ഓരോ വിമാനത്തെയും അങ്ങോട്ടയച്ചു് ബ്രിട്ടീഷ് സാമ്രാജ്യത്തിലുള്ള ജനങ്ങളാൽ അവരെ അവിടങ്ങളിൽ നിലനിൎത്തിക്കൊണ്ടുവന്നു് ജാപ്പാനെ കീഴടക്കുവാനോ മണ്ണു കപ്പിക്കുവാനോ വേണ്ടുന്നത്ര കാലം മുഴുവൻ, മററു് യാതൊരു കാൎയ്യത്തെപററിയും ചിന്തിക്കാതെ, ഞങ്ങൾ യുദ്ധം നടത്തിപ്പോരുന്നതാണു്," എന്നു് 1943 ജൂൺ 30-ാം തിയ്യതി മി. ചൎച്ചിൽ ചെയ്ത വാഗ്ദാനം അടുത്തവസരത്തിൽ നിറവേററാതിരിക്കയില്ല.

# യോദ്ധാക്കളുടെ ബന്ധുക്കളെ കാണ്മാൻ

## പട്ടാള ഉദ്യോഗസ്ഥന്മാരുടെ പര്യടനം

പട്ടാളക്കാരുടെ ബന്ധുക്കളെ നേരിട്ട് കാണ്മാനും അവരുടെ സുഖസൌകര്യങ്ങൾ അന്വേഷിച്ചറിവാനുമായി മധുക്കരയിൽനിന്ന് രണ്ടു മോട്ടോർ വണ്ടിയിൽ ക്യാപ്റ്റൻ കെ. സി. ഗോവിന്ദന്റെ നേതൃത്വത്തിൽ ഒരു പട്ടാള സംഘം അടുത്തവസരത്തിൽ മലബാറിൽ സഞ്ചരിക്കയുണ്ടായി. കണ്ണൂരിൽ എത്തിയപ്പോൾ ഈ സംഘത്തെ എക്സ്ട്രാ അസിസ്റ്റാന്റ് റിക്രൂട്ടിങ്ങ് ആപ്പീസ്സർ മി. പി. വി. മുകുന്ദൻ റിക്രൂട്ടിങ്ങ് ആപ്പീസ്സിൽവെച്ചു സ്വീകരിച്ചു. പോയി. പാനൂരിലും ക്രുത്തുപറമ്പിലും ധാരാളം വൃദ്ധകളും പെൺകുട്ടികളും ഉദ്യോഗസ്ഥന്മാരെ കണ്ടു സങ്കടം പറവാൻ കൂടിയിരുന്നു. ചിലർ ആവശ്യപ്പെട്ടതു തങ്ങളുടെ ബന്ധുക്കളായ പട്ടാളക്കാർക്കു കല്പന വാങ്ങിച്ചു കൊടുക്കുവാനായിരുന്നു; മററു ചിലരുടെ ആവലാതി തങ്ങൾക്കു മാസന്തോറും പണം ശരിയാംവണ്ണം കിട്ടാത്തതിനെപ്പററിയായിരുന്നു; വേറെ ചിലരുടേതു മരിച്ചുപോയ പട്ടാളക്കാരുടെ വക പെൻഷൻ കിട്ടാത്തതിനെപററിയായിരുന്നു. കരുക്കൾ ഷനിങ്ങ് നടപ്പിൽ വരുമ്പോൾ ഈ വിഷമങ്ങൾ തീരെ അവസാനിക്കുന്നതാണെന്നും അന്നു ഗവമ്മേണ്ടുദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടാകുന്നതല്ലെന്നും മററു കാര്യങ്ങൾ മേലധികാരത്തിലേക്കും ഗവമ്മേണ്ടിലേക്കും റിപ്പോർട്ട് ചെയ്യുന്നതാണെന്നും ആവലാതിയുള്ളവർ ഡിസ്ത്രിക്ട് സോൾജേർസ് ബോഡ് സിക്രട്ടരി, കോഴിക്കോടു എന്ന മേൽവിലാസത്തിൽ ഹരജി അയച്ചാൽ നിവാരണം ഉണ്ടാകുന്നതാണെന്നും



നമ്മുടെ ചക്രവത്തി തിരുമേനി ഒരു ഇന്ത്യൻ പട്ടാളക്കാരനോടു സംസാരിച്ചു നില്ക്കുന്നു



ചക്രവത്തി തിരുമേനി ഒരു ഇന്ത്യൻ പട്ടാളക്കാരന്ന് കൈകൊടുക്കുന്നു

ഒരു ക്യാപ്റ്റനും, ഒരു ലഫ്ടനെന്റും ഒരു സുബേദാരും എട്ടു സിപ്പായിമാരുമാണ് സംഘത്തിലുണ്ടായിരുന്നതു്. ലഫ്ടനെന്റ് ഒഴികെ എല്ലാവരും മലയാളികളാണ്. പ്രോഗ്രാമനുസരിച്ചു എക്സ്ട്രാ അസിസ്റ്റാന്റ് റിക്രൂട്ടിങ്ങ് ആപ്പീസ്സർ റാവു സാഹേബ് പി. ദാമോദരനൊരുമിച്ചു സംഘം അഞ്ചരക്കണ്ടിയും എടക്കാടും സന്ദശിച്ചു. ഡിസ്ത്രിക്ട് വെൽഫെയർ ഇൻസ്പെക്ട്രസ്സ് മിസിസ്സ് മേരി വിക്ടർ സംഘത്തോടൊപ്പം സഞ്ചരിച്ചിരുന്നു. എടക്കാടു ജ. സി. കെ. സൂപ്പിക്കുട്ടിക്കോയി സാഹേബിന്റെ വകയായി പട്ടാള സംഘത്തിന്നു ചായസല്ക്കാരം നൽകുകയുണ്ടായി.

മി. പി. വി. മുകുന്ദൻ പട്ടാളോദ്യോഗസ്ഥന്മാരെ പാനൂരിലും ക്രുത്തുപറമ്പിലും തലശ്ശേരിയിലും പട്ടാള ബന്ധുക്കളെ കാണേണ്ടതിന്നായി കൊണ്ടു കിട്ടാത്തതുകൊണ്ടും പണമൊ വിവരമൊ ലഭിക്കാത്തതുകൊണ്ടുമുള്ള ആവലാതിക്കാരും ധാരാളം ഉണ്ടായിരുന്നു. അരിക്കും പഞ്ചസാരക്കുംവേണ്ടി എല്ലാവരും ഒരുപോലെ മുറവിളികൂട്ടി. ഡിസ്ത്രിക്ട് ബോഡ് സ്കൂൾമാസ്റ്റർമാക്കും ഗവമ്മേണ്ടുദ്യോഗസ്ഥന്മാക്കും അരിയും പഞ്ചസാരയും മററും പ്രത്യേകതോതിൽ അനുവദിച്ചിരിക്കെ ബമ്മാ അതിത്തിയിൽ ഒന്നുരണ്ടു കൊല്ലം കഷ്ടപ്പെട്ടു യുദ്ധംചെയ്തു മടങ്ങിവരുന്ന പട്ടാളക്കാരനെയും അവന്റെ അടുത്ത കുടുംബത്തെയും എന്തുകൊണ്ടു ഗവമ്മേണ്ടുദ്യോഗസ്ഥന്മാരെപോലെ കരുതുന്നില്ല,) എന്നു ഒരു പട്ടാളക്കാരൻ ചോദിച്ചു. അരികിട്ടാത്തതുകൊണ്ടു വീട്ടിൽനിന്നു ഊൺകഴിക്കാതെ ഹോട്ടലിൽ പോയികൊണ്ടിരുന്ന കുറച്ചു പട്ടാളക്കാർ അവരുടെ ബുദ്ധിമുട്ടു സംഘത്തെ അറിയിച്ചു. റേ സംഘത്തിന്നുവേണ്ടി മി. പി. വി. മുകുന്ദൻ വന്നുകൂടിയ ജനങ്ങളോടു പറഞ്ഞു. പിന്നീടു തലശ്ശേരി താലൂക്കു ആപ്പീസ്സിൽവെച്ചുള്ള ഒരു യോഗത്തിൽ ആഗതർ പങ്കെടുത്തു. യോഗത്തിൽ റാവു സാഹേബ് സി. വി. ഗോപാലൻ, ഡാക്ടർ അനന്തൻ, മി. സി. വാസുദേവൻ മുതലായ പലരും സന്നിഹിതരായിരുന്നു. യോഗാനന്തരം സംഘത്തിന്നു തലശ്ശേരി റിക്രൂട്ടിങ്ങ് ആപ്പീസ്സിൽവെച്ചു ഒരു ചായ സല്ക്കാരം നൽകി. അതിന്നുശേഷം പാർട്ടി കണ്ണൂരിലേക്കു മടങ്ങി. പട്ടാളസംഘം നാദാപുരം, വടകര, കോയിലാണ്ടി എന്നിവിടങ്ങൾ സന്ദശിച്ചു കോഴിക്കോട്ടെത്തുകയും മഞ്ചേരി വഴി മധുക്കരയിലേക്കു തിരിക്കുകയും ചെയ്തു.

(പൌരശക്തി.)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 സപ്തെമ്പർ 1-ാംനു, വെള്ളിയാഴ്ച

### പരാജയം വദ്ധ്യേ, വദ്ധ്യ

യുദ്ധം തുടങ്ങിയതിനുശേഷം അഞ്ചാമത്തെ കൊല്ലം ഇതാ അവസാനിക്കുന്നു. ഈ കൊല്ലത്തിൽ ഉണ്ടായ സംഭവങ്ങളുടെ ശരിയായ ഒരു മതിപ്പ് പ്രത്യക്ഷപ്പെട്ടതുമാറുള്ള ഒരു ചിത്രീകരണം വാക്കുകൊണ്ടു ചെയ്യേണമെങ്കിൽ ബ്രിട്ടീഷ് പ്രധാനമന്ത്രിക്കല്ലാതെ മററാക്കും സാദ്ധ്യമാകുന്നതല്ല. അത്രയും സംഭവബഹുലമായ ഒരു വർഷമായിരുന്നു ഇക്കഴിഞ്ഞതു്. ബഹുലമായ ഈ സംഭവങ്ങളിൽ അന്തർഭവിച്ചുകിടക്കുന്ന ആശയങ്ങളും, മനോവികാരങ്ങളും, ധൈൎയ്യവും, അധൈൎയ്യവും, ആശയും, നിരാശയും, മററു് മനോഭാവഭേദങ്ങളും, നിഷ്പക്ഷമായും, പ്രസ്പുടതയോടുംകൂടി മനുഷ്യൻെറ വാഗ്വിലാസംകൊണ്ടു് രൂപീകരിപ്പാൻ വല്ലവരുമുണ്ടെങ്കിൽ ആയതു് മി. ചർച്ചിൽ അല്ലാതെ മററാരുമല്ല. ജനറൽ മണ്ട്ഗോമറി ഇടക്കിടക്കു് യുദ്ധഗതിയെപ്പററി ചില പ്രസ്താവനകൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും അവയെല്ലാം വളരെ ചുരുക്കത്തിലാണു്; മാത്രമല്ല, ഐക്യകക്ഷികൾക്കു വന്നുചേർന്നിട്ടുള്ള ആനുകൂല്യങ്ങളെല്ലാം, എത്രയും വിശ്വാസയോഗ്യമല്ലെന്നു് തോന്നുമാറുള്ള ആനുകൂല്യങ്ങളെല്ലാം, ഈശ്വരേച്ഛകൊണ്ടു് വന്നു സംഭവിച്ചതാണെന്നു് പറയുവാനും അദ്ദേഹത്തിന്നു ധൈൎയ്യക്ഷയമില്ല. ഈവക സംഭവങ്ങൾ കാണുമ്പോൾ നൊമ്മളും ഈശ്വരേച്ഛയിലല്ലെങ്കിൽ, അധൎമ്മത്തെ അവസാനത്തിൽ ജയിപ്പാൻ ധൎമ്മത്തിനുള്ള പ്രാപ്തിയിൽ സമാധാനംകൊള്ളുന്നു. ഇങ്ങിനെയല്ലെങ്കിൽ മനുഷ്യജീവിതോദ്ദേശമെന്താണെന്നാണു് പ്രശ്നം. നാലൊഅഞ്ചോ കൊല്ലങ്ങൾക്കു മുമ്പു് ഇങ്ങിനെയൊരു സമാധാനത്തിന്നുമാത്രമെ നമുക്കു ശാന്തിയാവാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. യുദ്ധത്തിൻെറ ആറാമത്തെ കൊല്ലത്തിലേക്കു് കടക്കുന്ന ഈ ഘട്ടത്തിലും മുമ്പു് നമുക്കുണ്ടായിരുന്ന സമാധാനമാണു് ശരിയായിട്ടുള്ളതെന്നും, ഭാവിയിലും ഈ സമാധാനത്തിൻെറ ഫലമായി ജീവിതം ഒരിക്കൽ കൂടി സുഖസുന്ദരമായിരിക്കുമെന്നും ബോദ്ധ്യം വരുമാറുള്ള ലക്ഷ്യലക്ഷണങ്ങൾ ധാരാളം കാണുന്നുണ്ടു്.

നമ്മുടെ ശാശ്വതമായിട്ടുള്ള സമാധാനത്തിൽ കുടികൊള്ളുവാൻ നൊമ്മെ അനുവദിച്ചുകൊണ്ടുള്ള ലോകസ്ഥിതികൾ ഉണ്ടാക്കിത്തീൎത്ത ലോകവന്ദ്യനേതാക്കൾക്കും, സൈന്യങ്ങൾക്കും, ഐക്യകക്ഷിരാഷ്ട്രങ്ങളിലെ പൂരവാസി ജനങ്ങൾക്കും ഞങ്ങൾ 1944 സപ്തെമ്പർ 3-ാം തിയ്യതി ദിവസം ഹൃദയപുരസ്സരം നന്ദിപറഞ്ഞുകൊള്ളുന്നു. ഈ ദിവസത്തോടുകൂടി അവസാനിക്കുന്ന ഒരു കൊല്ലകാലം അവർ കാട്ടിയ വീൎയ്യശൌൎയ്യപരാക്രമങ്ങളുടെ ഫലമായി അവർ കാംക്ഷിക്കുന്നതായ സമ്മാനം പ്രാപ്തമായപോലെ ഇരിക്കുന്നുണ്ടു്. ലോകചരിത്രത്തിൽവെച്ചു് ഏററവും മേത്തരമായ ഒരു സൈന്യാഭ്യാസമായിട്ടാണു് യൂറോപ്പിൻെറ പടിഞ്ഞാറൻ കരക്കു് ഐക്യകക്ഷി സൈന്യങ്ങൾ നടത്തിയ ആക്രമണത്തെ കരുതിയിരിക്കുന്നതു്. ഇങ്ങിനെയൊരു സംഭവം നടപ്പാൻ സാദ്ധ്യമല്ലെന്നാണു് ഇതു് നടക്കുന്നതുവരെക്കും സൈന്യവിദഗ്ദ്ധന്മാരുടെ അഭിപ്രായമുണ്ടായിരുന്നതു്. കിങ്കരന്മാരായ ജൎമ്മൻകാൎക്കുകൂടി 1940 ൽ ഇങ്ങിനെയൊരു കൎമ്മം അസാദ്ധ്യമായി തോന്നിയതിനാലാണു് അവർ ബ്രിട്ടൻെറ നേരെ ആക്രമണം നടത്താത്തതു്. ഇന്നാകട്ടെ, യൂറോപ്യൻ സ്വാതന്ത്ര്യക്കൊടിയും പിടിച്ചു് യന്ത്രീകൃതമായ യുദ്ധം യൂറോപ്പിലേക്കു് കൊണ്ടുചെല്ലാനും, അതുകൊണ്ടു് ഹിററ്ലറുടെ കോട്ടകൾ തകൎക്കാനും സാധിച്ച യോദ്ധാക്കൾ അനവധി ലക്ഷമാണു്. കലിയുഗത്തിൽ ഇത്രയും മികച്ചതായ ഒരു കാൎയ്യം നേടിയ ഈ വീരപുരുഷന്മാരെക്കുറിച്ചു് ചിന്തിക്കുമ്പോൾ അസൂയപ്പെടാത്തവർ ആരാണു്? ഇവർ നടത്തിയ കൃത്യത്തിൻെറ മഹനീയതകൊണ്ടുമാത്രമാണു് യൂറോപ്പിന്നു് ഇവരുടെ പാദസ്പൎശമുണ്ടായമാത്രയിൽനിന്നു് അതികലശലായ ഒരാവേശം ലഭിപ്പാനിടയായതു്. യൂറോപ്പിൻെറ പടിഞ്ഞാറും തെക്കും പ്രദേശങ്ങൾ മാത്രമല്ല ഐക്യകക്ഷി സൈന്യങ്ങളുടെ പ്രഹരത്തിന്നടിയിൽ ഉള്ളതെന്നു് തെക്കു കിഴക്കൻ പ്രദേശമായ ബാൾക്കൻസിൽ നടക്കുന്ന സംഭവങ്ങൾകൊണ്ടു് തീരുമാനിക്കാം. ബാൾക്കൻസിൽ പരിഭ്രമംകൊണ്ടൊരു കലാപമായിരിക്കുന്നു; റുമേനിയ ശത്രുപക്ഷക്കാരുടെ ക്യാമ്പിൽനിന്നു് കെട്ടുംകെട്ടി പുറപ്പെട്ടുകഴിഞ്ഞു; ബൾഗേറിയ തകൎന്നുപോകാനുള്ള ഘട്ടം ആസന്നമായിരിക്കുന്നു. ഇപ്പോൾ ഇവരെല്ലാം ഭസ്മ

വും രുദ്രാക്ഷമാലയും ധരിച്ചു് എത്ര പശ്ചാത്താപം പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും കുറുക്കന്റെ അടവെടുക്കുന്നതായ ഇവക്കു് ജർമ്മൻകക്ഷിയിൽചേർന്നു് കാട്ടിയതായ കള്ളത്തരങ്ങൾക്കെല്ലാം തക്കതായ ശിക്ഷ കൊടുക്കാതെ കഴികയില്ല. തുർക്കി ജർമ്മനിയുമായുള്ള ബന്ധം വേർപെടുത്തു. കിഴക്കൻ രംഗത്തിൽ ജാപ്പാൻകാരൻ മൂക്കിന്മേൽ വിരൽവെച്ചുകൊണ്ടു് തന്റെ കാമ്യാർത്ഥങ്ങളായ സർവ്വസ്വവും നശിച്ചുപോകുന്നതു നോക്കിനില്ക്കുവാൻ തുടങ്ങിയിരിക്കുന്നു. സാമാനക്കപ്പലുകൾ, പടക്കപ്പലുകൾ, വിമാനപ്പടകൾ ഇവയെല്ലാം ശാന്തസമുദ്രത്തിൽ "ഗ്ലു ഗ്ലഗ്ഗ്ലു" വായി നിമിഷംപ്രതി നശിക്കുന്നു; താൻ സ്ഥാപിച്ച സാമ്രാജ്യത്തിന്റെ ഓരോ ഭാഗങ്ങളും ക്രമേണ കൈവിട്ടുപോയ്ക്കൊണ്ടിരിക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ടു്, ഒരു പ്രതിവിധിക്കും നിവൃത്തിയില്ലാതെ, ജാപ്പാൻ തന്റെ ക്യാബിനററ് മന്ത്രിമാരെ ഇടക്കിടക്കു് മാററുന്നു. ഇതുകൊണ്ടൊന്നും സമാധാനം വരാഞ്ഞിട്ടു ഒരുപക്ഷെ ജാപ്പാൻകാർ, നളചരിതത്തിലെ നായരെപ്പോലെ, അവരുടെ പുര ചുററും പാഞ്ഞു നടക്കുന്നതുമുണ്ടായിരിക്കാം.

ലക്ഷോപലക്ഷം ജനങ്ങൾ ചത്തുവീഴുന്നതും, യുദ്ധരംഗം മുഴുവൻ ചോരപ്രളയമാകുന്നതും, ശവങ്ങൾ റോഡുകളിൽ അട്ടി അട്ടിയായി കിടക്കുന്നതുകൊണ്ടു് ടാങ്കുകളുടെ ഗതാഗതത്തിന്നു സൌകര്യമില്ലാതാകുന്നതും കണ്ടാശ്ചര്യപ്പെടുന്നവരല്ലാ ഞങ്ങൾ; യുദ്ധത്തിൽ തടവുകാരാക്കി പിടിക്കപ്പെട്ട ചില ജർമ്മൻ യോദ്ധാക്കളെ കണ്ടു് ഒരമേരിക്കൻ പരിഹസിച്ചു ചിരിക്കാനിടവന്ന മനസ്ഥിതിയുമല്ല ഞങ്ങൾക്കു്. ഐക്യകക്ഷികളുടെ ഇടയിൽ ആർക്കും അധീനപ്പെടാത്തതായ ബുദ്ധിയും, സ്ഥിരോത്സാഹവും, കാര്യപ്രാപ്തിയും, തന്ത്രബുദ്ധിയും ഉള്ളതായ നമ്മുടെ നേതാക്കന്മാർ വിജയത്തിന്നുവേണ്ടി കെട്ടിയുണ്ടാക്കിയ കർമ്മപദ്ധതിയെ ഞങ്ങൾ സ്വീകരിക്കുന്നു. ആകാശത്തേക്കെങ്കിൽ ആകാശത്തേക്കു്, വെള്ളത്തിലേക്കെങ്കിൽ വെള്ളത്തിലേക്കു്, യുദ്ധരംഗങ്ങളിലേക്കെങ്കിൽ യുദ്ധരംഗങ്ങളിലേക്കു് ധൈര്യത്തോടും, അച്ചടക്കത്തോടും, പ്രാഭവത്തോടുംകൂടി മുന്നോട്ടു വന്നിറങ്ങിയ സൈന്യങ്ങളെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഇവർ ഓരോ സമയത്തു് അവരെ ജയിക്കാൻ കഴിയാത്തവിധമുള്ള പുരോഗതി പ്രാപിക്കുന്നതു് നാം ഭൂപടങ്ങളിൽ നോക്കി മനസ്സിലാക്കി നമ്മുടെ ഹൃദയകുടീരങ്ങളിൽ കിടപ്പുള്ള ആശാമോഹങ്ങളെ പുനർജ്ജീവിപ്പിക്കയെന്നല്ലാതെ മറെറന്താണു് ചെയ്‌വാൻ സാധിക്കുന്നതു്?

യുദ്ധം തുടങ്ങിയതിന്നുശേഷം ഇതിന്നുമുമ്പു കഴിഞ്ഞ ഏതു കൊല്ലത്തിലും ഇത്രത്തോളം മനുഷ്യബുദ്ധിയെ ഉണർത്തുന്ന മറെറാരു സംഭവവും ഉണ്ടായിട്ടില്ല. എന്നാൽ യുദ്ധംകൊണ്ടു് മടുക്കാനൊ, വിജയത്തെക്കുറിച്ചു് ചിന്തിച്ചു് ആഹ്ലാദിപ്പാനോ സമയമായിട്ടില്ല. നാം ഇപ്പോൾ ചെയ്യേണ്ടതു് ഇക്കൊല്ലം യുദ്ധത്തിന്റെ അവസാനക്കൊല്ലമാക്കാൻ ശ്രമിക്കുകയാണു്. ഈ യുദ്ധം മനുഷ്യസമുദായത്തിന്റെ ആദ്ധ്യാത്മിക തേജസ്സുകളെ അല്പമെങ്കിലും പ്രകാശിപ്പിക്കുന്ന ഒന്നല്ല. ജഗദീശ്വരൻ നമുക്കു വിജയം തന്നുവെന്നാണു് ജനറൽ മണ്ടു് ഗോമറി പറയുന്നതു്. യുദ്ധത്തിന്റെ അവസാനം കണ്ടുതുടങ്ങിയിരിക്കുന്നു; കഴിയുന്നവേഗത്തിൽ ഇതു നമുക്കവസാനിപ്പിച്ചേക്കാം.

## പതിന്നാലാം പടക്കു് മലബാറിൽ സ്വീകരണം

ബർമ്മാരംഗത്തിൽനിന്നുവരുന്ന 14-ാം പടയിലെ നൂറിൽപരം പട്ടാളക്കാരെ ആഗസ്റ്റ് 20-ാം തിയ്യതി തിരൂരിൽവെച്ചു ഗംഭീരമായി സ്വീകരിക്കയുണ്ടായി. സ്പെഷ്യൽവണ്ടി വരുന്നതിന്നുമുമ്പു തന്നെ മെ. എം. വി. നാരായണയ്യർ (സബ്ബ് മജിസ്ട്രേട്ട്), രാമൻ മേനോൻ (സബ് ഇൻസ്പെക്ടർ), ടി. അസ്സനാർ കുട്ടി (യുദ്ധപ്രചാരകൻ), മി. മൂത്തി (ഒററപ്പാലം സബ്ബ് മജിസ്ട്രേട്ട്), ജ. കെ. അബ്ദുള്ളക്കുട്ടി, ജ. കെ. സെയ്യമൂപ്പൻ മുതലായവരുൾപ്പെടെ ഒരു വമ്പിച്ച ജനക്കൂട്ടം പ്ലാററുഫോറത്തിൽ സന്നിഹിതരായിരുന്നു. വണ്ടി വന്നുനിന്ന ഉടനെ പട്ടാളത്തിലെ മേജർ ആപ്പീസ്സർ ഉദ്യോഗസ്ഥന്മാരെയെല്ലാം മി. ടി. അസ്സനാർ കുട്ടി പരിചയപ്പെടുത്തിക്കൊടുത്തു. പട്ടാളക്കാർ ചായ പലഹാരങ്ങൾ കഴിച്ചതിന്നു ശേഷം 1 മണിക്കു വണ്ടി സ്റ്റേഷൻ വിട്ടു.

വളരെ ക്ഷീണമുണ്ടെങ്കിലും യോദ്ധാക്കളെല്ലാം പ്രസന്നവദനരായിട്ടാണു് കാണപ്പെട്ടതു്. സംഭാഷണമദ്ധ്യേ "ജാപ്പാനെ പേടിക്കേണ്ടതില്ല. കെടാൻ പോകുന്ന വിളക്കു് ആളിക്കത്തും" എന്നു ചെറുപ്പക്കാരനായ ഒരു യോദ്ധാവു ഈ ലേഖകനോടു പറകയുണ്ടായി.

(പൌരശക്തി ലേഖകൻ)

# വേലി ഇറക്കം ആരംഭിച്ചു

1939 സെപ്തെമ്പർ 3-ാം തിയ്യതി

1944 സെപ്തെമ്പർ 3-ാം തിയ്യതി

നാസിശക്തികളുടെ ബാധയാൽ ലോകമൊട്ടാകെ അന്ധകാരമയമാവാൻ തുടങ്ങിയതും, ഐക്യകക്ഷികൾ ഈ ബാധയെ തടഞ്ഞു നിർത്തിയതും പിന്നീട് ഐക്യരാഷ്ട്രങ്ങളുടെ ജനതയെല്ലാം ഒത്തൊരുമിച്ച് ലോകത്തിനെ രക്ഷിച്ചതും എങ്ങിനെയാണെന്നുള്ള കഥ താഴെ ചേർത്തിരിക്കുന്നു :

അന്ന്—യൂറോപ്പും ഏഷ്യയും





ഭയം

അഞ്ചു കൊല്ലങ്ങൾക്കു മുമ്പ്, യൂറോപ്പിലെ ദീപങ്ങളൊക്കെ അണെയ്ക്കപ്പെട്ടുകയുണ്ടായല്ലോ. അതിന്നു കാരണം ഹിററ്ലറും, മററു ഗവൎമ്മെണ്ടുകളുടെ അസൂയയുമായിരുന്നു. എന്നാൽ അവർ അണച്ചതു യൂറോപ്പിലെ ആത്മീകപ്രകാശമല്ലാ. ജനതയുടെ യോജിപ്പു കുറവുകൊണ്ടല്ലാ അങ്ങിനെ സംഭവിച്ചതു്, അവൎക്കു ശരിയായ രക്ഷയുണ്ടായിരുന്നില്ലാ. പുറമെ കാണപ്പെട്ടിരുന്ന ബ്ലാക്കൌട്ട് ലോകത്തിലെ ദുൎബ്ബലതയെ പ്രതിബിംബിച്ചുകൊണ്ടിരുന്നു.

## 1939 ഭയപ്പെടുവാനുള്ള വൎഷമായിരുന്നു

അന്ന് "ഗസ്റ്റപ്പോ" വിനാൽ അനുഗമിക്കപ്പെട്ട, ജൎമ്മൻ സൈന്യങ്ങളുടെ ഘനമേറിയ കാലടികളിൻകീഴിൽപ്പെട്ട യൂറോപ്പ് രാജ്യം നടുങ്ങപ്പെട്ടു.

## 1940 ഉണൎച്ചവന്ന വൎഷമായി ഗണിക്കാം

ആ കൊല്ലത്തിൽ ഇന്നത്തെ പ്രധാന പുരുഷനായ മി. ചൎച്ചിൽ രംഗപ്രവേശം ചെയ്തു. അന്നു അത്യാവശ്യമായിരുന്നതു ബലവും ശക്തിയുമായിരുന്നു. ബ്രിട്ടൻ തനിയെനിന്നു ശക്തിയെ പ്രാപിച്ചുവന്നു. ജൎമ്മൻസൈന്യങ്ങൾ ബലഹീനങ്ങളായ രാജ്യങ്ങളെ ഒന്നാകെ മുക്കി. ബ്രിട്ടനെ രണ്ടു മാസകാലത്തോളം ഇടവിടാതെ ആക്രമിച്ച സമയത്താണു ബ്രിട്ടന്റെ ശക്തി പരീക്ഷിച്ചറിഞ്ഞതു്. പിന്നിൽനിന്നു "പിൻകുത്തുകുത്തുന്ന" പാഠം മുസ്സോളിനി പഠിപ്പിച്ചതും, ഫ്രാൻസിനെ ഛിന്നഭിന്നമാക്കിയതും ഈ കൊല്ലത്തിൽ തന്നെയാകുന്നു.

## 1941 പരിശീലന വൎഷം

ഈ കൊല്ലത്തിൽ ലോകത്തിലെ അധൎമ്മങ്ങളെ ജയിച്ചു, സ്വാതന്ത്ര്യശക്തിയെ ഉൽബോധിപ്പിക്കുവാൻ പഠിച്ചു.

ജൎമ്മനി ഈ കൊല്ലത്തിലെ മദ്ധ്യകാലത്തു റഷ്യയുടെ നേരെ തിരിഞ്ഞു. അവർ ലിബ്യയിൽ കടന്നു. അബ്സീനിയായും സ്വാതന്ത്ര്യയായില്ലാ; അപ്പോഴയ്ക്കും ഇററലിയിലെ അധഃപതനം തുടങ്ങിയിരിയ്ക്കുന്നു. കഷ്ടപ്പെട്ടും, നഷ്ടപ്പെട്ടും നേടിയ ഒരു നേട്ടത്തിന്റെ ഫലമാകുന്നു ക്രീററ്. ഈ കൊല്ലത്തിൽ ആഗസ്റ്റ് 14-ാം തിയ്യതിയാണു് "അത്‌ലാൻററിക്ക് ചാർട്ടർ" ഒപ്പുവെച്ചതു. അക്കാലത്തു ജൎമ്മനി അതിവേഗത്തിൽ പുരോഗതി പ്രാപിച്ചിരുന്നു.

ആ കൊല്ലാവസാനത്തിനു മുമ്പായി നാസികൾ റഷ്യാവിൽ കടന്നു. ലോകം മുഴുവൻ ഫാസിസം പരന്നു.

ഡിസെമ്പർ 7-ാം തിയ്യതി പേൾ ഹാർബർ ജപ്പാനാൽ ആക്രമിക്കപ്പെട്ടതിനാൽ, സ്വരക്ഷാവിശ്വാസത്തോടെ ഉറങ്ങിക്കിടന്നിരുന്ന അമേരിക്ക ഉണൎത്തപ്പെട്ടു. ഉടൻ അവർ നാസികളോടു യുദ്ധത്തിലേൎപ്പെടുകയും ചെയ്തു.

## 1942 ഫാസിസ്റ്റ്കാരുടെ ശക്തി പ്രചരണ വൎഷമാകുന്നു

ജപ്പാൻ അന്നു അനേക ദ്വീപുകളെ പിടിച്ചു ന്യൂഗിനിയാ മുതൽ ബൎമ്മാവരെ അവർ പിടിച്ചൊതുക്കി ഇന്ത്യയ്ക്കും ആപത്തു സൂചിപ്പിക്കുകയുണ്ടായ്. മദിരാശി കടലോരങ്ങളിൽ, ബോംബെറിഞ്ഞു അവർ ഉപദ്രവങ്ങളുണ്ടാക്കിത്തീൎത്തു. അഭയാൎത്ഥികൾ വന്നടിഞ്ഞിരുന്നതിനാൽ, ഇന്ത്യക്കതുമൊരു വിഷമമായ്ത്തീൎന്നു. പക്ഷെ ഗവൎമ്മെണ്ടും മാന്യന്മാരായ ധൎമ്മിഷ്ഠന്മാരുംകൂടി അതിന്നൊരു പരിഹാരമാൎഗ്ഗം കണ്ടുപിടിച്ചതിനാൽ ബുദ്ധിമുട്ടു കുറെ ശമിച്ചു. അപ്പോഴയ്ക്കും, ജൎമ്മൻകാർ സ്റ്റാലിൻഗ്രാഡിൽ കടന്നു കഴിഞ്ഞിരിയ്ക്കുന്നു. ജൎമ്മൻകാരുടെയും, ജപ്പാൻകാരുടെയും രാജ്യം വെട്ടിപ്പിടിത്തം, അപ്പോഴയ്ക്കും മൂൎദ്ധന്യദശയിലെത്തിക്കഴിഞ്ഞിരുന്നു. ഇക്കാലത്തു സഖ്യപക്ഷക്കാർ തോററ കക്ഷികളായിരുന്നുവെങ്കിലും, ധൎമ്മശക്തിയാൽ ശുഭപ്രതീക്ഷ ധാരാളമവൎക്കുണ്ടായിരുന്നു.

"മാൽട്ടാ" വീഴാതെ ഒരു വിധം അടിയുറച്ചുനിന്നു. ആർ. എ. എഫ്. ധാരാളമായ് ആക്രമണങ്ങളും നടത്തിത്തുടങ്ങിയിരുന്നു.

ഒക്ടോബർ 23-ാം തിയ്യതി റോമലിന്റെ വമ്പിച്ച പിൻവാങ്ങലിന്നിടയാക്കിയ, ഈജിപ്തിനെ സ്വാതന്ത്ര്യയാക്കുവാനുള്ള 8-ാം പടയുടെ യുദ്ധം തുടങ്ങി. 15 ദിവസങ്ങൾക്കുശേഷം ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരങ്ങളിൽ, സഖ്യപക്ഷക്കാരുടെ ആൎമേഡാ സൈന്യങ്ങൾ പ്രത്യക്ഷപ്പെട്ടു. ആഫ്രിക്ക സ്വാതന്ത്ര്യയാവുകയും ചെയ്തു. സ്റ്റാലിൻഗ്രേഡിനെ തിരികെപ്പിടിച്ചതായിരുന്നു അടുത്ത കൃത്യം.

അതോടുകൂടി ജൎമ്മൻ ആട്ടിൻകൂട്ടങ്ങളെ അനേകായിരം നാഴിക ഓടിച്ചു കളഞ്ഞു.

## 1943 കയററമാരംഭിച്ച വൎഷം

1943-ാം വൎഷാരംഭത്തിൽ കസ്ബലാംകാ കോൺഫറൻസ് നടന്നു. ആ വൎഷത്തിൽ

(ശേഷം 16-ാം പേജിൽ)

ഇന്ന്—യൂറോപ്പും ഏഷ്യയും





1944—മറവടി

(9-ാം പേജിൽനിന്ന തുടൎച്ച)

ഞ്ഞ് ലക്കോട്ടു പൊളിച്ച് ഒരു കാർഡ് എടുത്തു കാട്ടി. ക്ഷണനപത്രമായ കാർഡ് കണ്ടപ്പോൾ ലീല അത്യാൎത്തിയോടെ തട്ടിപ്പറിച്ച് വായിച്ച് അത്ഭുതത്തോടെ ഭൎത്താവിന്റെ മുഖത്തു നോക്കി നിന്നു.

ശ്രീധരൻ: വരുന്നാഴ്ച ഞങ്ങളുടെ ആഫീസുവക ഒരു ചായസല്ക്കാരമുണ്ട്. അതിന്നു അനവധി കലീനകളും പരിഷ്ക്കാരികളുമായ മഹതികൾ വരുന്നതായിരിക്കും. എന്റെ ലീലയെ കൂടി അതിനൊന്നു കൂട്ടിക്കൊണ്ടുപോകേണമെന്നുവെച്ച് ഞാൻ ചെയ്തു ഭഗീരഥപ്രയത്നത്തിന്നു കണക്കില്ല—പക്ഷെ——.

ലീല: എന്താ പക്ഷെയെന്നു നിൎത്തിയതു്?

ശ്രീധ: പക്ഷെ ഒരു പ്രതിഫലേച്ഛയോടെയാണതു് ചെയ്തതു്.

ലീല: (പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു) "പ്രതിഫലേച്ഛ" ഇതു സാധാരണ പാടുന്ന പല്ലവി തന്നെയല്ലെ—ഛെ, ശുദ്ധകാമി.

ശ്രീധ: ലീലേ! അങ്ങിനെ പറയരുതു്. പ്രതിഫലരൂപേണ ആവശ്യപ്പെട്ടാലെങ്കിലും ലീലക്കു ദയവു തോന്നണേ എന്നല്ലെ പ്രാൎത്ഥന. ആട്ടെ, എത്ര കാലമായി ലീലയൊന്നു പൊട്ടിച്ചിരിച്ചിട്ട്. ഇപ്പോഴെന്നു ചിരിച്ചല്ലൊ, അതുകൊണ്ടെങ്കിലും തൃപ്തിപ്പെട്ടേക്കാം.

ലീലാ ആലോചനാമഗ്നയായി കുറച്ചുനേരം ഇരുന്നതിന്നുശേഷം, ആ പാൎട്ടിക്കു ആരെല്ലാം വരുമെന്നും അവർ എത്ര പ്രമാണികളാണെന്നും, അവരുടെ ഉടുപ്പുകളൊക്കെ ഏതു വിധമായിരിക്കുമെന്നും, ആഭരണങ്ങൾ ഏതു തരത്തിലുള്ളവയായിരിക്കുമെന്നും മറ്റുമുള്ള ചോദ്യങ്ങൾ തുടങ്ങി. ശ്രീധരൻ നായൎക്ക് ഭാൎയ്യയുടെ ചോദ്യങ്ങൾക്കു മറുപടി പറഞ്ഞു പറഞ്ഞു മടുത്തുവെങ്കിലും, അവളുടെ ഉന്മേഷവും സന്തോഷവും പ്രസരിപ്പും കണ്ടു് കൌതുകം തോന്നി, അവളെ തന്റെ അരസികത്വംകൊണ്ട് മുഷിപ്പിക്കരുതെന്നു വെച്ച് തല്ക്കാലം ഇഷ്ടത്തിന്നനുസരിച്ചു വാൻ നിശ്ചയിച്ചു.

ലീല: അങ്ങിനെയാണെങ്കിൽ എനിക്കൊരു സാരിയും, ബ്ലൌസും, ഷൂസും അടിയന്തരമായിരിക്കുന്നല്ലോ. അതില്ലാതെ എങ്ങിനെ ആ പാൎട്ടിക്കു പോകും.

ശ്രീധ: തീൎച്ചയായും വേണ്ടതു വാങ്ങണം.

ലീല: ഒരു നല്ല സിൽക്ക് ചേലക്ക് എങ്ങിനെയായാലും 45 ഓ 50 ഓ വേണ്ടിവരും. കസവു ബോർഡർവെച്ച ബ്ലൌസ് 15-ഓ 20-ഓ വരും. പിന്നെയൊരു പേർ ഷൂസും 10-ഓ 15-ഓ എല്ലാംകൂടി ഒരു 100 ക. വേണ്ടിവരും. ടോയ്ലററ് മുതലായതും ആവശ്യമാണല്ലോ.

ശ്രീധ: ശരി. എല്ലാംകൂടി ഒരു 100 ക. തന്നെ വേണമെന്നു നിശ്ചയിക്കുക.

ലീല: (വിഷാദത്തോടെ) ദരിദ്രന്മാരായ നമുക്കു അതൊക്കെ എങ്ങനെ സാധിക്കും. പണ്ടത്തെ പേരും പെരുമയുമോൎത്തിട്ടു കാൎയ്യമില്ലല്ലൊ.

ശ്രീധ: ആട്ടെ, പഴയ മട്ടിലേക്കുതന്നെ ചാടാതെ സന്തോഷമായിരിക്കൂ. ലീലക്കു വേണ്ടിയൊരു 100 ക. ചിലവാക്കിക്കളയാം.

ലീല: മതി മതി, പരിഹാസം.

ശ്രീധ: ലീലെ നോക്കൂ. എന്റെ ലീലയുടെ സന്തോഷത്തിന്നു വേണ്ടിയൊരു 100 ക. ഞാൻ വിചാരിച്ചാൽ ചെലവു ചെയ്യാൻ സാധിക്കുകയില്ലേ. കേൾക്കൂ, എന്റെ വകയായ് 100 ക. ബാങ്കിലുണ്ടു്. അതു ഞാൻ ഈ ആവശ്യത്തിന്നായ് വിനിയോഗിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. പണം പോയാലും എന്റെ ലീലയുടെ സന്തോഷമുണ്ടാവുമല്ലൊ. എനിക്കതിലും ഉപരിയായൊരു പണമുണ്ടോ. പണവും പുല്ലും സമം. ലീലയുടെ സന്തോഷവും സ്വൎഗ്ഗവും തുല്യം.

ലീല: (ലജ്ജിച്ചു മുഖം താഴ്ത്തിക്കൊണ്ടു്.) മിണ്ടാതിരിയ്ക്കൂ.

## IV

പിറേറ ദിവസം ശ്രീധര മേനോൻ ആഫീസിൽ പോയസമയം ലീല, ഒരുവിധം ഭേദപ്പെട്ട മട്ടിൽ വസ്ത്രാഭരണങ്ങളൊക്കെ അണിഞ്ഞു, തന്റെ സഹപാഠിയും ആത്മസ്നേഹിതയും ഒരു വലിയ പണക്കാരന്റെ ഏക പുത്രിയും, കത്തിജ്വലിക്കുന്ന, മിടുമിടുക്കനായൊരു ബാരിസ്റ്ററുടെ ഭാൎയ്യയുമായ നളിനിയെ കാണ്മാൻ പുറപ്പെട്ടു. സാധാരണക്കാൎക്കു ബാരിസ്റ്ററുടെ ഭാൎയ്യയെ കാണ്മാൻ അത്ര എളുപ്പമല്ലെങ്കിലും, എജമാനന്റെ അമ്മയെക്കാൾ ഒട്ടും താണതല്ലാത്തൊരമ്മ വന്നതു കണ്ടപ്പോൾ അഡ്മിഷ്യൻ ഉടൻ കിട്ടി. നളിനിയും ലീലയും, തമ്മിൽ പൂൎവ്വസ്ഥിതിയിലുള്ള സ്നേഹിതകളെപ്പോലെ സൌഹാൎദ്ദത്തോടെ സംസാരം തുടങ്ങി. ചായസല്ക്കാരം, പഴംപുരാണം പറയൽ മുതലായ ചടങ്ങുകൾക്കുശേഷം ലീല വന്ന കാൎയ്യത്തെ പററിപ്പറഞ്ഞു.

ലീല: നളിനി ഞാൻ വന്നതെന്തിനാണെന്നറിയാമോ? വരുന്നാഴ്ച എനിക്കൊരു പാൎട്ടിക്കു പോകുവാനുണ്ടു്. വലിയൊരു തുക ചെലവു ചെയ്തു വസ്ത്രങ്ങളെല്ലാം വാങ്ങീട്ടുണ്ടു്. ആ വസ്ത്രങ്ങൾ കണ്ടപ്പോഴാണ് അതിനൊത്ത ആഭരണങ്ങളില്ലെന്നു തോന്നിയതു്. ഭൎത്താവിനോടാവശ്യപ്പെടുവാൻ പോരായ്മതോന്നുന്നു. നൊമ്മൾ ചങ്ങാതിമാരായിരിയ്ക്കെ, നളിനിക്കുവേണ്ടുന്ന ആഭരണങ്ങളുമുണ്ടായിരിക്കെ, അദ്ദേഹത്തിനോടു പറയാതെ തന്നെ എന്റെ അഭീഷ്ടം നളിനി സാധിപ്പിക്കുമെന്നു വിചാരിച്ചാണ് ഞാനിങ്ങോട്ടു പോന്നതു്.

നളിനി: ലിലയ്ക്കെന്താണ് ആവശ്യം.

ലീല: ഒരു കൂട്ടം വളയും, ഒരു ഹാരവും. നളിനി സെയ്ക്കാർപെട്ടിൽനിന്നു കഴിഞ്ഞ കൊല്ലം വാങ്ങിയ ആ വൈരമാല കിട്ടിയാൽ വളരെ സന്തോഷമായിരുന്നു. ഞായറാഴ്ചയും കഴിഞ്ഞു തിങ്കളാഴ്ച ഞാൻ കൊണ്ടുവന്നുതരാം.

നളിനി കുറച്ചു നേരം മൌനമായിരുന്നതിന്നുശേഷം, എഴുനീട്ടുപോയ് ലീല ആവശ്യപ്പെട്ട ആഭരണങ്ങൾ കൊണ്ടുവന്നു കൊടുത്തു. ലീല സന്തോഷത്താൽ മതിമറന്നു. കുറച്ചു നേരംകൂടി സ്നേഹിതിമാർ സംസാരിച്ചിരുന്നതിന്നുശേഷം ലീല നളിനിയ്ക്കു വന്ദനം പറഞ്ഞു വീട്ടിലേയ്ക്കു പോവുകയും ചെയ്തു.

(തുടരും)

# ഒരനുമോദനം

യുദ്ധസഞ്ചികയുടെ മാന്യവായനക്കാൎക്കും, മറുനാടുകളിൽപോയി മാനവധൎമ്മസ്ഥാപനാൎത്ഥം പടപൊരുതി ജീവിച്ചുവരുന്ന കേരളസന്താനങ്ങൾക്കും സൎവ്വമംഗളപ്രദമായ "ഓണം" സെപ്തെംബർ 1-ാം തിയ്യതി ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

# ചേരമാൻ പെരുമാൾ

## രംഗം I

സ്ഥലം : ഈശാന്തിമങ്ഗലത്തു കൊട്ടാരം.
(സമയം : സായാഹ്നം.)

ചേരമാൻ പെരുമാളും പത്നി ചൊറവട്ടിയമ്മയും പൂമുഖത്തിരിക്കുന്നു. ചൊറവട്ടിയമ്മ പെരുമാളെ ശാകുന്തളം വായിച്ചു കേൾപ്പിക്കുന്നു.

ചൊറവട്ടി : അല്ലാ! അങ്ങ് ഒന്നും കേൾക്കുന്നില്ലെന്നു തോന്നുന്നു. ഞാൻ വെറുതെ വായിച്ചു പോകയാണ്. അവിടുന്നു ശ്രദ്ധിക്കുന്നില്ല. അതെ, അതെ, അവിടുത്തെ മനസ്സ് എങ്ങോ ചുററിത്തിരിയുകയാണ്. കാളിദാസ കവിയുടെ ശൃംഗാരമധുരമായ ഈ കാവ്യത്തെക്കാൾ പ്രിയതരമായ ആ പ്രമേയം എന്താണെന്ന് ഈയുള്ളവളോടു പറഞ്ഞുകൂടെ!

പെരുമാൾ : പ്രിയേ! നീ പറയുന്നപോലെ എൻെറ മനസ്സ് എവിടേയോ അലഞ്ഞുനടക്കുന്നു. കണ്ണുകൾക്ക് കാണാൻ കഴിയാത്ത ഏതോ ഒരു വസ്തുവിനെ തേടി ഓടുന്നു; കാതുകൾക്കു കേൾക്കാൻ കഴിയാത്ത ഒരാനന്ദഗാനം ശ്രവിക്കുവാൻ അതു് യത്നിക്കുന്നു. മറന്നുവെച്ച ഏതോ അമൂല്യനിധിയെ അതു് അന്വേഷിക്കുകയാണെന്നു തോന്നുന്നു. ഒരു ശോകസ്വരം എൻെറ ഹൃദയാന്തരാളത്തിൽ സദാ മുഴങ്ങുന്നു. വീണയുടെ തന്ത്രികൾ മീട്ടിക്കൊണ്ട് എൻെറ ഓമന മധുര മധുരമായിപ്പാടുമ്പോഴും ഈ വിലാപസ്വനം ഞാൻ കേൾക്കുന്നു. അലഞ്ഞുനടക്കുന്ന മനസ്സിനെ അടക്കിനിർത്താൻ ഞാൻ ശക്തനല്ല.

ചൊറവട്ടി : പഴയ രോഗം വീണ്ടും തുടങ്ങിയോ? ഞാൻ വന്നതിൽപ്പിന്നെ അതു കണ്ടിട്ടില്ല.

പെരുമാൾ : അതു വാസ്തവമാണ്. കഴിഞ്ഞ മൂന്നു മാസമായി ഈ അസ്വസ്ഥത എന്നെ അലട്ടിയിരുന്നില്ല. പ്രേമലഹരികൊണ്ട് എൻെറ അന്തരാത്മാവ് തലയുയർത്താൻ കഴിയാതെ തളർന്നു കിടന്നിരുന്നു. എന്നാൽ ഇന്നലെ സുന്ദരമൂർത്തി നായനാരെ ദർശിച്ചതുമുതൽക്ക് ഞാൻ വീണ്ടും അസ്വസ്ഥനായിച്ചമഞ്ഞിരിക്കുന്നു.

ചൊറവട്ടി : തെണ്ടിനടക്കുന്ന ആ പണ്ടാരത്തിനെ കാണാൻ പോകേണ്ടിയിരുന്നില്ല.

പെരുമാൾ : ശാന്തം പാപം! ആ പുണ്യതമാവിനെക്കുറിച്ച് ഇങ്ങിനെയൊന്നും പറയരുതെ! വേദാന്തത്തിൻെറ മറുകരകണ്ട മഹാജ്ഞാനിയാണ് അദ്ദേഹം. ശിവഭക്തന്മാരിൽ അഗ്രണിയായ ആ പൂജ്യപാദർ വരുന്നുണ്ടെന്നു കേട്ടാൽ ദർശിക്കുവാൻ ഓടിച്ചെല്ലാത്തവർ ആരുണ്ട് ഈ ലോകത്തിൽ.

അണിയറയിൽ :

സാംബ സദാശിവ സാംബസദാശിവ
സാംബ സദാശിവ സാംബശിവോം!

പെരുമാൾ : അതാ അദ്ദേഹം എഴുന്നള്ളുന്നു. വരൂ. നമുക്കു പോയി എതിരേല്ക്കാം.

ചൊറവട്ടി : വേണ്ട—നമുക്കു അദ്ദേഹത്തെ കാണാതെ ഇവിടെനിന്നു പോകാം. ആ സന്ന്യാസി അങ്ങയ്ക്കു ഭ്രാന്തു പിടിപ്പിയ്ക്കും.

(സുന്ദരമൂർത്തി നായനാർ പ്രവേശിക്കുന്നു.)

നാരീസ്തനഭര നാഭീദേശം
ദൃഷ്ട്വാമാഗാമോഹാവേശം.
ഏതന്മാംസവസാദിവികാരം
മനസിവിചിന്തയവാരംവാരം.

പെരുമാൾ : ഗുരുപാദർ ഇതാ ഇവിടെ എത്തിക്കഴിഞ്ഞു. വരു, നമുക്കു സ്വാഗതം ചെയ്യാം.

ചൊറവട്ടി : ഇല്ല. ഞാൻ വരുന്നില്ല. ഈ സന്ന്യാസിമാർ സ്ത്രീകുലത്തിന്നു പരമ ശത്രുക്കളാണ്. എനിക്കു അവരെ കാണേണ്ട. ഞാൻ പോകുന്നു. (ചൊറവട്ടിയമ്മ പോകുന്നു.)

പെരുമാൾ : ആചാര്യപാദങ്ങൾക്കു അനേകകോടി നമസ്കാരം.

നായനാർ : സംസാരബന്ധത്തിൽനിന്ന് സദാശിവൻ മോചിപ്പിയ്ക്കട്ടെ. രാജൻ! സന്ന്യാസിയായിരുന്ന അങ്ങ് സംസാരത്തിലേക്കു മടങ്ങിയല്ലേ! കഷ്ടം തന്നെ! അനല്പമധുരമായ അമൃതം ആസ്വദിച്ചിട്ട് അങ്ങ് വീണ്ടും മലീമസമായ മദ്യചഷകം അധരത്തോടണച്ചുവല്ലോ! അല്ലെങ്കിൽ അതും ഈശ്വരസങ്കല്പമായിരിക്കാം. കൈലാസനാഥൻെറ കരുണാകടാക്ഷത്തിന്ന് പാത്രമാകുന്നവരെ ആത്മാവ് മുന്നോട്ടും പിന്നോട്ടുമായി ഉഴന്നുകൊണ്ടിരിയ്ക്കണം. രാജാവേ! ഇപ്പോൾ ഞാൻ അങ്ങയോടു അധികമൊന്നും പറയുന്നില്ല. സ്ത്രീയും ശ്രീയും അങ്ങയെ ഒരുപോലെ മദിപ്പിയ്ക്കുന്ന കാലമാണിതു്. ഏറെത്താമസിയാതെ ഈ ചിറകുകൾ കുഴഞ്ഞുപോകും. നിരാലംബനായി അങ്ങ് താഴോട്ടു വീണുതുടങ്ങും. അപ്പോൾ നമുക്കു വീണ്ടും കാണാം. അക്കാലം വരെഈ പദ്യം ഓർമ്മയിരിക്കട്ടെ.

നളിനീദളഗതജല മതിതരളം
തദ്വജ്ജീവിത മതിശയ ചപലം
വിദ്ധിവ്യാദ്ധ്യഭിമാനഗ്രസ്തം
ലോകം ശോകഹതം ച സമസ്തം.

## രംഗം II

സ്ഥലം : ഈശാന്തിമംഗലത്തു കൊട്ടാരം അന്തഃപുരം. ചൊറവട്ടിയമ്മയും ഒരു ദാസിയും പ്രവേശിക്കുന്നു.

ദാസി : തമ്പുരാൻ വിളിയ്ക്കുന്നു.

ചൊറവട്ടി : എന്താ വിശേഷം.

ദാസി : പാണ്ടിപ്പടയെ തിരിച്ചോടിച്ച് ഏറനാട്ടുടയവർ മാനിച്ചുനേറാടിയും, പതിനായിരത്തലവൻ പടമല നായരും തിരുമുമ്പാകെ വന്നിരിയ്ക്കുന്നു. അവർക്കു പട്ടും വളയും പദവികളും കല്പിച്ചുകൊടുപ്പാൻപോകുന്നു. വേഗം ചെല്ലാൻ കല്പനയായിരിക്കുന്നു.

ചൊറവട്ടി : നീ പടമലനായരെക്കണ്ടുവോ?

ദാസി : ഉവ്വ്.

ചൊറവട്ടി : അദ്ദേഹത്തിന്ന് വിശേഷിച്ചൊന്നുമില്ലല്ലൊ?

ദാസി : തലയിൽ ഒരു വെട്ടു കൊണ്ടിരിയ്ക്കുന്നു. മുറി കെട്ടീട്ടുണ്ടെങ്കിലും ചോര വരുന്നതു് നിന്നിട്ടില്ല. ക്ഷീണം നന്നെയുണ്ട്. മഞ്ചലിലാണ് വന്നിട്ടുള്ളതു്.

ചൊറവട്ടി : അമ്മാളു! എനിയ്ക്ക് എന്തോ തോന്നുന്നു. തല ചുററുന്നു. നടക്കാൻ വയ്യ. വരുന്നില്ലെന്ന് തമ്പുരാനോടു ഉണർത്തിച്ചേയ്ക്കൂ. എന്നാൽ നില്ക്കേണ്ട. പോയ്ക്കോളൂ. (അമ്മാളു പോകുന്നു.)

ചൊറവട്ടി : (ആത്മഗതം).

അദ്ദേഹത്തിൻെറ മുമ്പിൽ ചെല്ലുകയോ! അയ്യോ! ഈ ചണ്ഡാളിയ്ക്ക് അതിനെങ്ങനെ ധൈര്യമുണ്ടാകും. ഞാനെങ്ങനെ ആ മുഖത്തു നോക്കും! ആ നിഷ്കളങ്ക പ്രണയത്തിൻെറ സമക്ഷത്ത് ഈ മഹാ വഞ്ചകി ചെല്ലാമോ! ആയുധമണിയിച്ച് ഞാൻ അദ്ദേഹത്തെ അടർക്കളത്തിലേയ്ക്ക് യാത്രയാക്കി. "പടയിൽ ജയിച്ച് മടങ്ങിവരു; ഉടനെ പുടമുറി നടത്താം" എന്ന് എൻെറ അച്ഛനും അമ്മാമനും വാഗ്ദാനം ചെയ്തു. ഇന്നും അദ്ദേഹം അതു് വിശ്വസിച്ചുകൊണ്ടിരിക്കയാണ്. ഇവിടെ നടന്നതൊന്നും ആ പാവം അറിഞ്ഞിരിക്കയില്ല. പട്ടും വളയും വാങ്ങി ഞങ്ങളുടെ വീട്ടിൽ ചെല്ലും. യഥാർത്ഥമറിയുമ്പോൾ എൻെറ ഉണ്ണിക്കണ്ണൻെറ ഹൃദയം അയ്യോ! തകർന്നുപോകയില്ലെ. അയ്യോ! ഞാനെന്തു ചതിയാണ് ചതിച്ചതു്. ഹാ കഷ്ടം! മൂന്നു മാസംകൊണ്ട് എന്തെല്ലാം കഴിഞ്ഞു. അദ്ദേഹം പടക്കു പോകുമ്പോൾ ഇങ്ങിനെ ഒരാലോചനയെ ഉണ്ടായിരുന്നില്ല. ഒരു ദിവസമുണ്ട് ഇടിത്തീപോലെ അതു വന്നുവീഴുന്നു. ചേരമാൻ പെരുമാൾ സംബന്ധമാലോചിച്ചാൽ പിന്നെ മറിച്ചു വല്ലതും പറയാനുണ്ടോ? തിരുവായ്ക്കെതിർവായയില്ലെന്ന് അമ്മാമനും അച്ഛനും നിശ്ചയിച്ചു. എൻെറ ഇഷ്ടം—ഹാ! അതാരും ചോദിച്ചില്ല; ഞാൻ പറഞ്ഞതുമില്ല. അതെ ഞാൻ മനസ്സാക്ഷിയെ ചതിച്ചു; മൗനം ദീക്ഷിച്ചു. മൗഢ്യജാതമായ ആ മൗനം സമ്മതമായി ബന്ധുക്കൾ കരുതി. വരണമാല്യം കാളസർപ്പംപോലെ എൻെറ കഴുത്തിൽ വന്നു വീണു്. എന്തിനു് അന്യരെ കുററപ്പെടുത്തുന്നു. ഞാൻ തന്നെയാണ് എൻെറ പ്രേമത്തിൻെറ കഴുത്തു ഞെരിച്ചു കളഞ്ഞതു്. കഴിഞ്ഞതു കഴിഞ്ഞു. ഇനി ആ തെററു തിരുത്താനാവില്ല. അദ്ദേഹത്തെ മറക്കുകയെ നിവൃത്തിയുള്ളൂ. അദ്ദേഹത്തെ മറക്കുകയോ! അതിന്ന് ഞാൻ ശക്തയാകുമോ! ഉണ്ണിക്കണ്ണൻെറ തലയിൽ മുറിയേററിരിയ്ക്കുന്നുവെന്നു കേട്ടിട്ട് എൻെറ ഹൃദയം അടങ്ങിക്കിടക്കുമോ! തല മടിയിൽ എടുത്തുവെച്ച് ആ മുറികെട്ടിക്കൊടുക്കുവാൻ എൻെറ കൈകൾ വെമ്പൽ കൊള്ളുന്നു. ഈശ്വരാ! എൻെറ മനസ്സ് വികടപഥത്തിൽക്കൂടെ കുതിച്ചോടുന്നുവല്ലൊ. അതെന്നെ ഏതേതു് ആപൽഗ്ഗർത്തങ്ങളിൽ കൊണ്ടുപോയിറക്കുമോ? (നെടുവീർപ്പ്.)

അതാ തമ്പുരാൻ വരുന്നു. വേഗം അകത്തുപോയികിടന്നേയ്ക്കാം.

## രംഗം III

സ്ഥലം : പടമല നായരുടെ വീടു.

അസ്തമിച്ച് നാലഞ്ചു നാഴിക കഴിഞ്ഞു. ഭയങ്കരമായ ഇടിയും മഴയും. ഉണ്ണിക്കണ്ണൻ നായർ ഉമ്മറത്തെ പടിയിൽ കിടക്കുന്നു. അന്ധയായ മുത്തശ്ശി അരികെ ഇരിയ്ക്കുന്നു.

മുത്തശ്ശി : അപ്പൂ! അവളെ മറന്നേയ്ക്കൂ. ആ നന്ദികെട്ട പെണ്ണിനെ വിചാരിച്ച് ഇത്രയൊക്കെ വ്യസനിയ്ക്കാനുണ്ടോ! അവളൊരു പെണ്ണേ നാട്ടിലുള്ളൂ. എൻെറ മകനു ചേർന്ന

പെൺകുട്ടികൾ വേറെ എത്രയുണ്ട്. എന്തിനാണ് അവളെ വിചാരിച്ച് ഇങ്ങനെ ഏങ്ങുന്നതു്. വരു! അപ്പൂ! ഊണു കഴിയ്ക്കൂ.

പടമല നായർ: മുത്തശ്ശി ഊണു കഴിച്ചോളൂ. എനിയ്ക്കു വിശപ്പില്ല.

മുത്തശ്ശി: എന്താ വിശക്കാതിരിയ്ക്കാൻ. ഇന്നു രാവിലെ മുതൽക്ക് നീ ഒന്നും കഴിച്ചിട്ടില്ലല്ലോ. വരു. മുത്തശ്ശിയ്ക്കു വേണ്ടി ഒരു പിടി ഊണു കഴിയ്ക്കൂ.

പടമല നായർ: എന്നെ വെറുതെ ശല്യപ്പെടുത്തേണ്ട. മുത്തശ്ശി പോയി ഊണു കഴിച്ചു കിടന്നോളൂ.

മുത്തശ്ശി: ഞാൻ നിനക്ക് ഒരു ശല്യമായി അല്ലെ അപ്പൂ. അമ്മയും അച്ഛനും ഒരു വയസ്സിൽ നിന്നെ വിട്ടുപോയി. നിന്നെ ഞാൻ എടുത്തു വളർത്തി ഇത്ര ദിവസം നോക്കി നിൻ്റെ വായ് കൊണ്ട് ഇതു കേൾക്കേണ്ടിവന്നുവല്ലോ.

പടമല നായർ: അയ്യോ! എൻ്റെ മുത്തശ്ശി കരയരുതെ. ഞാൻ പറഞ്ഞതു തെററിപ്പോയി.

മുത്തശ്ശി: എന്നാൽ വരു! അപ്പു ഊണു കഴിയ്ക്കൂ. ആ പെണ്ണിനു എന്നെക്കാൾ നിൻ്റെ പേരിൽ അവകാശമില്ലല്ലൊ.

പടമല നായർ: ഇലവെച്ചോളൂ. ഞാൻ വരാം.

(രണ്ടും പേരും അകത്തേയ്ക്കു പോകുന്നു.)

## രംഗം IV

സ്ഥലം: പെരുവഴി. ചൊറവട്ടിയമ്മ പ്രവേശിയ്ക്കുന്നു.

ചൊറവട്ടി: എന്തൊരു ക്രൂരിരുട്ടാണ്. മഴയും പിരിമുറിയാതെ ചെയ്യുന്നു. ഭഗവതി! കൊടുങ്ങല്ലൂരമ്മേ! തുണനില്ക്കണേ. ആരും കാണാതെ അവിടെപ്പോയി മടങ്ങാൻ സഹായിയ്ക്കണെ!

## രംഗം V

സ്ഥലം: പടമല നായരുടെ വീട്.

മുത്തശ്ശി: അപ്പു എന്തിനാണ് പുറത്തു തനിയെ കിടക്കുന്നതു്.

പടമല നായർ: തനിയെ അല്ല. മാനിച്ചനേറാടി വരാമെന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്ന് ഒരു കോസറി പുറത്തെടുത്തു വെച്ചിട്ട് മുത്തശ്ശി പോയി കിടന്നോളൂ.

മുത്തശ്ശി: വിളക്കിൽ എണ്ണയും തിരിയും മതിയോ നോക്കു. വിളക്കു ചെറുതായി കത്തിക്കോട്ടെ. കെടുത്തേണ്ട.

പടമല നായർ: അങ്ങനെയാട്ടെ. എണ്ണയും തിരിയും മതി. മുത്തശ്ശിപോയിക്കിടന്നോളൂ.

(മുത്തശ്ശിപോകുന്നു.)

പടമല നായർ: (ആത്മഗതം). അയ്യോ! വേദനസഹിയ്ക്കാൻ വയ്യ. തലയിലെ വ്രണം സാരമായിത്തോന്നുന്നില്ല. ഈ ഹൃദയവ്രണം ആറുകയില്ല. ചൊറവട്ടി! നീയിങ്ങനെ ചെയ്യുമെന്ന് ആരു വിചാരിച്ചു. ഇനി ഞാൻ ആർക്കു വേണ്ടി ജീവിച്ചിരിയ്ക്കണം. ഈ കെട്ട് അഴിച്ചുകളയാം. തടഞ്ഞു നിർത്തിയ ചോര ഒഴുകിയൊടുങ്ങട്ടെ. അവസാനിയ്ക്കട്ടെ ഈ നശിച്ച ജന്മം!

(ചൊറവട്ടിയമ്മ പ്രവേശിയ്ക്കുന്നു.)

ആരാതു്? ഏറാടിയോ.

ചൊറവട്ടി: അല്ല.

പടമല നായർ: ആര്! ചൊറവട്ടിയൊ?

ചൊറവട്ടി: അതെ.

പടമല നായർ: എന്തിനാണ് ഈ അസമയത്ത് തനിയെ ഇങ്ങോട്ടു പോന്നതു്.

ചൊറവട്ടി: നിങ്ങളെക്കാണാൻ.

പടമല നായർ: ഞാൻ ഒരന്യപുരുഷനാണ്. ഈ അസമയത്ത് നിങ്ങൾതനിയെ ഇവിടെ വന്നതു് നന്നായില്ല. വേഗം മടങ്ങിപ്പോകു. ആരെങ്കിലും ഇതു കാണുകയാണെങ്കിൽ വരാനിടയുള്ള ആപത്തിനെക്കുറിച്ച് ആലോചിയ്ക്കൂ.

ചൊറവട്ടി: അയ്യോ! ചോരയല്ലെ ഒഴുകുന്നതു്. എന്തിനാണ് മുറി കെട്ടഴിച്ചതു്. അവിടെ കിടക്കു. ഞാനതൊന്നു കെട്ടട്ടെ.

പടമല നായർ: വേണ്ട. നിങ്ങൾ വേഗം ഇവിടെനിന്നു പോയാൽ മതി.

ചൊറവട്ടി: ഈ മുറി കെട്ടീട്ട് ഞാൻ പൊയ്ക്കൊള്ളാം. പച്ചമരുന്നു കൊണ്ടുവന്നിട്ടുണ്ട്. ഒരു കണ്ണും ശീലമാത്രം തരണം.

പടമല നായർ: ശീല ഇവിടെ ഇല്ല.

ചൊറവട്ടി: ശീല ഇല്ലെ! എന്നാൽ എൻ്റെ ഉത്തരീയം ചീന്താം. കിടക്കു, ഈ മരുന്നു വെച്ചു കെട്ടട്ടെ. മടിയിൽ തലവെച്ചു കൊള്ളൂ.

പടമല നായർ: (ആത്മഗതം) ഹാ മനസ്സേ! നിൻ്റെ ശക്തി എവിടെപ്പോയി! അബലയുടെ മുമ്പിൽ ബലിഷ്ഠനായ പുരുഷൻ എത്ര ദുർബ്ബലനായിപ്പോകുന്നു. ഈ സംരംഭങ്ങളൊന്നും എനിയ്ക്കു രുചിയ്ക്കുന്നില്ല. ഇതിൻ്റെ കലാശം എന്തായിരിയ്ക്കുമോ!

ചൊറവട്ടി: സംശയിക്കേണ്ട! കിടക്കു, നേരം വൈകുന്നു.

(മുറികെട്ടുന്നു.)

ചൊറവട്ടി: വേദനിയ്ക്കുന്നുണ്ടോ!

പടമല നായർ: ഇല്ല.

ചൊറവട്ടി: കെട്ടുമുറുകിയതു മതിയോ!

പടമല നായർ: മതി.

ചൊറവട്ടി: എന്തിനാണ് കരയുന്നതു്.

പടമല നായർ: ഒന്നിനുമില്ല. എന്നാൽ ഇനി നില്ക്കേണ്ട. നേരം വൈകുന്നു. ഇങ്ങനെയൊരാൾ ഉണ്ടെന്ന കഥതീരെ മറന്നേയ്ക്കണം.

ചൊറവട്ടി: അയ്യോ! അങ്ങോട്ടു നോക്കു. പന്തവും കൊളുത്തി ആരാണ് വരുന്നതു്. തമ്പുരാനും അകമ്പടിക്കാരുമല്ലെ. ഈശ്വരാ! ഞാനെന്തു ചെയ്യട്ടെ.

പടമല നായർ: വേഗം തൊഴുത്തിൻപടി കടന്ന് കൊട്ടാരത്തിലേയ്ക്കു പോകണം. വേഗം.

(ചൊറവട്ടിയമ്മ പോകുന്നു. ചേരമാൻ പെരുമാളും അകമ്പടിക്കാരും പ്രവേശിയ്ക്കുന്നു.)

പെരുമാൾ: അവളെവിടെ!

പടമല നായർ: ആര്.

പെരുമാൾ: ആര് അറിയില്ല അല്ലെ! ചൊറവട്ടിയെവിടെ?

പടമല നായർ: അടിയന്ന് അറിഞ്ഞുകൂടാ.

പെരുമാൾ: ഈ കിടക്കുന്ന ശീല എന്താണ്. അവളുടെ ഉത്തരീയമല്ലെ. ഇതു് ചീന്തിയിരിയ്ക്കുന്നുവല്ലൊ. നോക്കട്ടെ ഇതിൻ്റെ ചീന്തു കൊണ്ടല്ലെ തൻ്റെ മുറികെട്ടീട്ടുള്ളതു്. അതെ. ഇനി ഈ മുറി കെട്ടേണ്ടിവരില്ല. കുനിയ്ക്ക് തല.

(മുത്തശ്ശി വാതിൽ തുറന്ന് പുറത്തേയ്ക്കു വരുന്നു.)

മുത്തശ്ശി: പൊന്നു തമ്പുരാനെ! അരുതരുത്. എൻ്റെ കുട്ടിയെ കൊല്ലരുതേ!

പെരുമാൾ: ഈ മാതിരി രാക്ഷസന്മാരെ വെച്ചേയ്ക്കാൻപാടില്ല. കഴിയട്ടെ കഥ!

(വെട്ടുന്നു.)

പടമല നായർ: അയ്യോ! എൻ്റെ മുത്തശ്ശി! ഹാ! എൻ്റെ ചൊറവട്ടി!

മുത്തശ്ശി: അയ്യോ! അപ്പൂ! ഓമനെ! കുട്ടാ! നീയെന്നെച്ചതിച്ചുവല്ലൊ.

(മോഹാലസ്യപ്പെട്ടു വീഴുന്നു.)

പെരുമാൾ: കുറച്ചു വെള്ളംകൊണ്ടുവന്ന് ആ തള്ളയുടെ മുഖത്തു തളിയ്ക്കൂ.

മുത്തശ്ശി: (മോഹാലസ്യത്തിൽനിന്നുണർന്ന് ഉന്മാദിനിയെപ്പോലെ പെരുമാളുടെ നേർക്ക് പാഞ്ഞുചെല്ലുന്നു.) കൊല്ലൂ! എന്നേയും കൊല്ലൂ! എല്ലാവരേയും കൊല്ലൂ! എവിടേയോ കിടക്കുന്നവരെ ഇവിടെ കൊണ്ടുവന്നു വാഴിച്ചില്ലെ. അതിനുള്ള കൂലി കൊടുക്കു. ഈശ്വരാ! ഇതിന്നു പകരം ചോദിയ്ക്കാനാളില്ലാതെ പോയല്ലൊ. (മാറത്തടിച്ചുകൊണ്ട്) ഈ രാജവംശം നശിയ്ക്കണെ! നശിയ്ക്കണെ! (മരിച്ചു വീഴുന്നു.)

(മാനിച്ചനേറാടി പ്രവേശിക്കുന്നു.)

മാനിച്ചൻ: ഇതെന്താണ് കൂട്ടക്കൊലയൊ. വേലിതന്നേ വിള തിന്നുകയൊ! എന്താണ് അങ്ങൊന്നും മിണ്ടാത്തതു്.

ചേരമാൻ പെരുമാൾ: എന്നോടു സമാധാനം ചോദിപ്പാൻ താനാരാണ്?

മാനിച്ചൻ: ആരാണെന്നൊ! അതു ഞാൻ വഴിയെ കാണിച്ചുതരാം. ഈ കൊലകൾക്കുത്തരവാദി അങ്ങാണൊ എന്നു മാത്രമെ എനിയ്ക്കറിയേണ്ടതുള്ളൂ.

പെരുമാൾ: അതെ. ഞാൻതന്നെ. തന്നാലാവുന്നതു ചെയ്യാം.

(തിരശ്ശീല.)

## രംഗം VI

(സ്ഥലം: ശ്മശാനം. സമയം: പാതിര.)

(ചൊറവട്ടിയമ്മ പ്രവേശിക്കുന്നു.)

ചൊറവട്ടി: ഇതാണല്ലൊ അദ്ദേഹത്തെ സംസ്കരിച്ച സ്ഥലം. നാഥാ! പ്രാണപ്രിയാ! നമ്മുടെ പ്രേമത്തിൻ്റെ പരിണാമം ഇത്ര ദാരുണമായിരിയ്ക്കുമെന്ന് ആരു വിചാരിച്ചു! ഈ പാപി മൂലമാണല്ലൊ അങ്ങയ്ക്കു ഈ അത്യാപത്തു നേരിട്ടതു്. അയ്യോ! ഈ ദുഃഖം ഞാനെങ്ങിനെ പൊറുക്കട്ടെ! എൻ്റെ ഹൃദയത്തിൽ അനേകായിരം ശരങ്ങൾ തുളച്ചുകയറുന്നപോലെ തോന്നുന്നുവല്ലൊ. അല്ല. ഒമ്പതും തോറും കണക്കററ കാളസർപ്പങ്ങൾ ദംശിക്കുകയാണൊ! നാഥാ! പ്രാണവല്ലഭാ! എൻ്റെ ഉണ്ണിക്കണ്ണാ! ഈ വേദന എന്നു ശമിക്കും!

ദൈവമേ! ഞാനിനി എങ്ങോട്ടു പോകട്ടെ. രാജഭടന്മാർ എല്ലാ ദിക്കിലും എന്നെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. കൈയിൽ കിട്ടിയാൽ തമ്പുരാൻ എൻ്റെ കഥകഴിക്കും; അതിനെപ്പററി എനിക്കു ഭയം തോന്നുന്നില്ല. എന്നാൽ അതിനുമുമ്പ് എന്തെല്ലാം അവമാനങ്ങൾ അനുഭവിക്കേണ്ടിവരുമോ? അനന്തവും അപാരവുമായ ഈ സന്താപസമുദ്രത്തിൻ്റെ മറുകര പററാൻ വഴിയെന്താ.

(അണിയറയിൽ)

"സാമ്പസദാശിവ സാമ്പസദാശിവ
സാമ്പസാദാശിവ സാമ്പസദാശിവോം!"

ചൊറവട്ടി: ആരാണതു്. സുന്ദരമൂർത്തി നായനാരോ! ശോകപങ്കിലമായ ഈ സംസാരത്തിൽനിന്നു് എന്നെ മോചിപ്പിക്കുവാൻ കരുണാനിധിയായ ജഗദീശ്വരൻ അദ്ദേഹത്തെ ഇവിടേക്കു നിയോഗിച്ചിരിക്കുകയാണു. ഗുരുചരണാരവിന്ദങ്ങളിൽ ശരണം പ്രാപിക്കാം.

(സുന്ദരമൂർത്തി നായനാർ പ്രവേശിക്കുന്നു.)

ചൊറവട്ടി: അജ്ഞതമൂലം അടിയാൾ ചെയ്തു അപരാധങ്ങൾ പൊറുത്തു് നേർവഴി കാട്ടാൻ കനിവുണ്ടാകണേ!

സുന്ദരമൂർത്തി നായനാർ: സഹോദരി! വ്യസനിക്കേണ്ട! എഴുന്നേല്ക്കു! സ്നേഹസ്വരൂപരായ ആ ലോകപിതാക്കൾ നിനക്കു് നിത്യമംഗളം അരുളും. സംസാരജ്വരത്തിനു ഏകൌഷധമായ വൈരാഗ്യം ഭവതിയുടെ ഹൃദയത്തിൽ തഴച്ചുവളരാൻ ചന്ദ്രചൂഡൻ കരുണാമൃതം പൊഴിക്കട്ടെ. ഖേദിക്കേണ്ട! എൻ്റെ കൂടെ വരു. ഭക്തകളിൽ ഉത്തമോത്തമയായി ലോകം ആചന്ദ്രതാരം ഭവതിയെ കൊണ്ടാടാനിടവരും.

## രംഗം VII

[സ്ഥലം: ഈശാന്തിമംഗലത്തു കൊട്ടാരം. ചേരമാൻ പെരുമാളും വാസു ഭട്ടതിരിയും പൂമുഖത്തിരിക്കുന്നു. ഗോപുരദ്വാരത്തിൽ മാനിച്ചനേറാടിയുടെ നേതൃത്വത്തിൽ ഒരു വമ്പിച്ച പുരുഷാരം വന്നുകയറുന്നു.]

പെരുമാൾ: പട്ടേരി! എന്താണിത്ര ബഹളം നോക്കു!

വാസുഭട്ടതിരി: നാട്ടാർ ഇളകി പുറപ്പെട്ടിരിക്കയാണു്.

പെരുമാൾ: ആരാണു് പുരുഷാരത്തെ നയിക്കുന്നതു്.

വാസു ഭട്ടതിരി: മാനിച്ചനേറാടി. അവർ വാതിൽ പൊളിച്ചു് അകത്തു കടക്കാനാണു് ഭാവമെന്നു തോന്നുന്നു. ഇവിടുന്നു വേഗം ഓടി രക്ഷപ്രാപിച്ചുകൊള്ളണം.

പെരുമാൾ: അതു് ക്ഷത്രിയനു ചേർന്നതല്ല. ഈ ഉടവാൾ തുണയുള്ളപ്പോൾ എനിക്കാരെ പേടിക്കണം. ജനക്കൂട്ടത്തെ അഭിമുഖീകരിക്കാൻ നാം നിശ്ചയിച്ചിരിക്കുന്നു. പട്ടേരി അകത്തേക്കു പോയ്ക്കൊള്ളൂ.

(പെരുമാൾ മുന്നോട്ടുചെന്നിട്ടു്.)

ആരവിടെ കോട്ടവാതിൽ തുറക്കു്.

ഭൃത്യൻ: ജനക്കൂട്ടം കൊട്ടാരത്തിനു തീക്കൊളുത്താൻ ഒരുങ്ങി വന്നിരിക്കയാണു്.

പെരുമാൾ: കൊളുത്തുന്നതുകാണട്ടെ. വാതിൽ തുറക്കു്.

(വാതിൽ തുറക്കുന്നു. കുതിച്ചുകയറുന്ന ജനക്കൂട്ടം പെരുമാളെകണ്ടു ഉടനെ സ്തംഭിച്ചു നിന്നുപോകുന്നു.)

പെരുമാൾ: നാട്ടാരെന്തേ പോന്നതു്.

ജനക്കൂട്ടം: മുഖം കാണിക്കാൻ.

പെരുമാൾ: സന്തോഷം. വിശേഷിച്ചൊന്നുമില്ലല്ലോ.

ജനക്കൂട്ടം: ഒന്നുമില്ല.

പെരുമാൾ: എന്നാൽ പോകാം.

(ജനക്കൂട്ടം തിരിച്ചുപോകാൻ തുടങ്ങുന്നു.)

മാനിച്ചൻ: നാട്ടാരേ! നിങ്ങൾ മടങ്ങുകയാണോ! വന്ന കാര്യം മറന്നുവോ!

ജനക്കൂട്ടം: ഇല്ലാ മറന്നിട്ടില്ല. വന്ന കാര്യം പറയണം.

പെരുമാൾ: ഏന്താണു് കാര്യം.

മാനിച്ചൻ: ചേരമാൻ പെരുമാൾ രാജ്യഭാരം ഒഴിയണം.

ജനക്കൂട്ടം: അതേ, ഒഴിയണം.

മാനിച്ചൻ: പരദേശികളുടെ ഈ ദുർഭരണം നിലക്കണം.

ജനക്കൂട്ടം: നിലക്കണം! നിലക്കണം.

മാനിച്ചൻ: മലനാട്ടിനെ ഭരിക്കാൻ മലയാളികൾ മതി.

ജനക്കൂട്ടം: തീർച്ചയായും മതി.

പെരുമാൾ: ഞാൻ സ്ഥാനം ഒഴിയുകയാണോ വേണ്ടതു്.

ജനക്കൂട്ടം: അതേ.

പെരുമാൾ: ഇതു എല്ലാവർക്കും സമ്മതമാണോ!

ജനക്കൂട്ടം: അതെ.

പെരുമാൾ: എന്നാൽ ഈ വരുന്ന മാമാങ്കത്തിനു തിരുനാവായ മണപ്പുറത്തുവെച്ചു കൂടുന്ന മഹായോഗത്തിൽവെച്ചു ഞാൻ സ്ഥാനമൊഴിയാം.

മാനിച്ചൻ: ശരി. നമ്മുടെ കാര്യമായി. ഇനി നാട്ടാർക്കു തിരിച്ചുപോകാം.

ജനക്കൂട്ടം: ഒഴിയണം! ചേരമാൻ പെരുമാൾ സ്ഥാനമൊഴിയണം.

(പോകുന്നു)

## രംഗം VIII

(സ്ഥലം—തിരുനാവായ മണപ്പുറം. അഖില കേരള സമ്മേളനം.)

ചേരമാൻ പെരുമാൾ: ഈ കേരളീയ മഹാസദസ്സിനു ഞാൻ അവസാനമായി ഒന്നുകൂടി നമസ്കരിച്ചുകൊള്ളുന്നു. നാട്ടാരുടെ അഭിമതമനുസരിച്ചു് നാം രാജ്യഭാരം ഒഴിഞ്ഞിരിക്കുന്നു. കേരളത്തിലെ പുരാതന രാജകുടുംബങ്ങൾക്കു ഈ പരശുരാമ ക്ഷേത്രത്തെ നാം യഥോചിതം ഭാഗിച്ചുകൊടുത്തിരിക്കുന്നു. മാമാങ്കം നടത്താനുള്ള അധികാരം വള്ളുവക്കോനാതിരിക്കു നല്കിയിരിക്കുന്നു. കഴിഞ്ഞ മൂന്നു പന്തീരാണ്ടുകൾക്കിടയിൽ നാം അറിഞ്ഞോ അറിയാതേയോ ഈ ഭാർഗ്ഗവ ക്ഷേത്രത്തിലേ പ്രജകൾക്കു് അഹിതമായോ, ധർമ്മവിരുദ്ധമായോ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതിനു മഹാജനങ്ങൾ മാപ്പുതരണം?

(മാനിച്ചനേറാടി കുതിരപ്പുറത്തു കയറി പ്രവേശിക്കുന്നു.)

ജനക്കൂട്ടം: അതാ ഏറനാട്ടുടയവർ മിന്നൽപോലെ പായുന്ന കുതിരപ്പുറത്തുകയറി എഴുന്നള്ളുന്നു. നാടു മുഴുവൻ പങ്കുവെച്ചു കഴിഞ്ഞല്ലോ. ഇനി അവിടുത്തേക്കു പെരുമാൾ എന്താണു് കല്പിച്ചു നൽകുക.

പെരുമാൾ: എന്തേ ഏറാടി ഇത്ര വൈകിയതു്.

മാനിച്ചൻ: അടിയൻ ചെയ്ത പാപത്തിനു പ്രായശ്ചിത്തമായി രാമേശ്വരസ്നാനത്തിനു പോയിരുന്നു. മടങ്ങിവരുന്നവഴിയാണു്.

പെരുമാൾ: എന്തു പാപമാണു് അങ്ങു ചെയ്തതു്.

മാനിച്ചൻ: രാജദ്രോഹം. അതിനെക്കാൾ വലിയ പാപമെന്താണു്. ഈ ജനക്കൂട്ടത്തെ വിപ്ലവത്തിനു് ഒരുക്കിയതു് ഞാനാണല്ലോ.

പെരുമാൾ: അതിൽ എനിക്കശേഷം പരിഭവമില്ല. ഈ വമ്പിച്ച ഭാരം ഇപ്പോഴെങ്കിലും ഇറക്കാൻ സാധിച്ചുവല്ലോ. എന്നെ മുക്തനാക്കിയതു ഭവാനാണു്. എന്നാൽ അതിനു മതിയായ പ്രത്യുപകാരം ചെയ്വാൻ സാധിക്കാത്തതിൽ വ്യസനമുണ്ടു്. രാജ്യം മുഴുവൻ ദാനം ചെയ്തുപോയി.

മാനിച്ചൻ: ഒന്നും ബാക്കിയില്ലേ?

പെരുമാൾ: കോഴി കൂകിയാൽ കേൾക്കുന്നിടം ബാക്കിയുണ്ടു. കൊക്കോഴിക്കോട്ടും ചുള്ളിക്കാട്ടും. അതു വേണമോ?

മാനിച്ചൻ: അവിടുത്തെ കൈയിൽനിന്നു ലഭിക്കുന്ന വസ്തു എത്ര നിസ്സാരമായാലും ശ്രേയസ്കരമായിരിക്കുമെന്നാണു് എൻ്റെ പൂർണ്ണവിശ്വാസം.

പെരുമാൾ: എന്നാൽ കോഴിക്കോട്ടും ചുള്ളിക്കാട്ടും നാം നിങ്ങൾക്കു തന്നിരിക്കുന്നു. അതിനു പുറമെ കേരളചക്രവർത്തിമാർ പരമ്പരയാ ധരിച്ചുപോന്നിട്ടുള്ള ഈ ഖഡ്ഗം ചത്തും കൊന്നും അടക്കികൊള്ളുവാനുള്ള അധികാരസമേതം നിങ്ങൾക്കു നാം നൽകുന്നു.

മാനിച്ചൻ: ഞാൻ അനുഗൃഹീതനായി.

പെരുമാൾ: മഹാജനങ്ങളെ ഞാൻ വരട്ടെ. യോഗമുണ്ടെങ്കിൽ വീണ്ടും കാണാം.

## രംഗം IX

സ്ഥലം—പരദേശത്തിൽ ഒരു ശിവക്ഷേത്രം.

നേരം പുലരാൻ ഒരു യാമമുണ്ടു്. ചേരമാൻ പെരുമാൾ പ്രവേശിക്കുന്നു.

പെരുമാൾ: ഗുരുപാദർക്കു് ഇനിയും എൻ്റെ പേരിൽ കരുണ തോന്നിയില്ലെന്നോ. അദ്ദേഹത്തെ തിരഞ്ഞു ഞാൻ നടക്കാത്ത ഇടമില്ല. ഇന്നു "ശ്രീയും സ്ത്രീയും അങ്ങയെ ഒരുപോലെ മദിപ്പിച്ചിരിക്കുകയാണു്. ഒരു കാലത്തു ഈ ചിറകുകൾ രണ്ടും കൊഴിഞ്ഞുപോകും. അങ്ങു നിരാവലംബനായി താഴോട്ടു വീണുതുടങ്ങും. അപ്പോൾ നമുക്കു കാണാം." എന്നല്ലെ അദ്ദേഹം അരുളിച്ചെയ്തിട്ടുള്ളതു്. കൈലാസനാഥാ! ഞാൻ തളർന്നു വീഴാറായല്ലൊ. ഇനിയും അദ്ദേഹത്തെ കാണുന്നില്ലല്ലൊ.

(സുന്ദരമൂർത്തി നായനാർ പ്രവേശിക്കുന്നു.)

"ബാലസ്താവദ് ക്രീഡാസക്തഃ
തരുണസ്താവദ് തരുണീസക്തഃ
വൃദ്ധസ്താവദ് ചിന്താസക്തഃ
ശുദ്ധബ്രഹ്മണി കോപിനസക്തഃ."

പെരുമാൾ: ഗുരുപാദർക്കു നമസ്കാരം.

നായനാർ: മംഗളം ഭവിക്കട്ടെ, രാജൻ! അങ്ങു മഹാഭാഗ്യവാനാണ്. രാജ്യത്തിലുണ്ടായ വിപ്ലവം ഒരു അനുഗ്രഹമാണെന്നുവേണം വിചാരിക്കാൻ. മായാപ്രപഞ്ചത്തിൽ ഉഴലുന്ന മനുഷ്യന്ന്, വിശേഷിച്ച് ഭോഗാസക്തനും ബഹുകാര്യനിരതനുമായ രാജാവിന്ന് ബ്രഹ്മധ്യാനത്തിന്ന് സൌകര്യമുണ്ടോ ലഭിക്കുന്നു. സാംബസദാശിവന്റെ കരുണാകടാക്ഷത്തിന്ന് അങ്ങു പാത്രമായിരിക്കുന്നു.

പെരുമാൾ: എല്ലാം അവിട്ടത്തെ അനുഗ്രഹശക്തി തന്നെ. ജീവിതശേഷം അവിട്ടത്തെ അന്തേവാസിയായി കഴിച്ചുകൂട്ടേണമെന്നൊരാഗ്രഹം മാത്രമെ എനിക്കുള്ളു.

നായനാർ: വരു. നമുക്കു ഈ ക്ഷേത്രത്തിന്റെ അകത്തേക്കുപോകാം. കുറച്ചുകാലമായി ഞാൻ ഇവിടെയാണു താമസിക്കുന്നതു്.

പെരുമാൾ: സ്നാനംചെയ്യാതെ ഭഗവൽസന്നിധിയിലേക്കു പോകാമോ?

നായനാർ: പോകാം. എന്നാൽ അന്തഃകരണം നിർമ്മലമായിരിക്കണം. കാമക്രോധാദികളായ ദുർവ്വികാരങ്ങളെ അടക്കണം. ഭഗവാന്റെ സന്നിധിയിൽ അവ തലപൊക്കാനിടയാകരുതു്.

പെരുമാൾ: ആവുന്നപോലെ മനോനിഗ്രഹം ചെയ്തുകൊള്ളാം.

സുന്ദരമൂർത്തി നായനാർ: എന്നാൽ എന്റെ കൂടെ വരു.

(രണ്ടുപേരും അകത്തേക്കു കടക്കുന്നു. ശിവലിംഗത്തിന്ന് മുമ്പിൽ കാഷായവേഷധാരിയായി ചൊറവട്ടിയമ്മ പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുന്നു.)

പെരുമാൾ: ആരാണിതു്! ഞാൻ സ്വപ്നം കാണുകയാണോ!

സുന്ദരമൂർത്തി നായനാർ: സ്വപ്നമല്ല, യഥാർത്ഥം തന്നെ.

പെരുമാൾ: ഗുരോ! ഇതു ദുസ്സഹമായിരിക്കുന്നു. എനിക്കു ഇവളെ കാണേണ്ട.

സുന്ദരമൂർത്തി നായനാർ: ക്രോധാദികൾ തലപൊക്കുകയാണ്. അവയെ ഉടനെ അടക്കികളയു. അല്ലാതെ അവയ്ക്കു കീഴടങ്ങരുതു്. ഇവൾ മഹാസിദ്ധയാണ്. പൂർവ്വാശ്രമത്തിൽ വല്ല പിഴകളും ചെയ്തിട്ടുണ്ടെങ്കിൽ മറന്നേക്കു. അവൾ അപരാധിനിയാണെങ്കിൽ അങ്ങും അപരാധിതന്നെ. ആ പൂർവ്വജീവിതം ഒരു സ്വപ്നമെന്നു ധരിക്കണം. ഇനിയാണ് നിങ്ങൾ രണ്ടുപേരുടെയും യഥാർത്ഥജീവിതം ആരംഭിക്കുന്നതു്. ഈ ആശ്രമത്തിൽ അരുന്ധതീവസിഷ്ഠന്മാരെപ്പോലെ നിങ്ങൾ ഉത്തമദമ്പതികളായി പരിലസിക്കു.

ചൊറവട്ടി: നാഥാ! നമസ്കാരം.

പെരുമാൾ: പ്രിയേ മംഗളമുണ്ടാകട്ടെ.

മൂന്നുപേരും: സാംബ സദാശിവ

സാംബ സദാശിവ

സാംബ സദാശിവ

സാംബ ശിവോം!

H8735
27248

(11-ാം പേജിൽനിന്നു തുടൎച്ച)

അന്നെ ചരിത്രപ്രസിദ്ധമായ കോൺഫറൻസ് കൈറോവിലും, ടെഹ്റാനിലും വെച്ചുകൂടി. ഇവ രണ്ടിലും പ്രസിഡണ്ടു റൂസ്‌വെൽട്ടും, മി. ചർച്ചിലും സന്നിഹിതരായിരുന്നു. കൈറോവിലെ കോൺഫറൻസിന്നു ജനറൽ ചിയാങ്ങ്കൈഷേക്കും ടെഹ്റാനിലേതിന്നു മാർഷൽ സ്റ്റാലിനും പങ്കെടുത്തിരുന്നു. യുദ്ധത്തിന്റെ ഒരു കണ്ടൽക്കു പ്രധാനപ്പെട്ടൊരു വൎഷമായിരുന്നു അതു്. ചക്രവൎത്തി തിരുമനസ്സ്, ആഫ്രിക്കയിലെ 8-ാം പടയിലെ ഇന്ത്യൻ സോൾജർമാരെ പരിശോധിക്കുവാൻ പോയിരുന്ന അവസരത്തിലായിരുന്നു ബ്രിട്ടീഷുപട യൂറോപ്പിൽ പ്രത്യാക്രമണം തുടങ്ങിയതു. ഇററലി തകർന്നുപോയി. മുസ്സോളിനി ജർമ്മനിയിലേയ്ക്കു ഒളിച്ചോടിപ്പോയതിന്നുശേഷം, മൂപ്പരെപ്പററി യാതൊരറിവും യാതൊരാൾക്കും ഉണ്ടായിട്ടില്ല. ഇററലി കീഴടങ്ങുകയും ചെയ്തു. ശാന്തസമുദ്രത്തിലും വിജയങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ജപ്പാന്റെ ബലഹീനത വെളിവായിത്തുടങ്ങിയിരിക്കുന്നു. ആദ്യമായി ജപ്പാന്റെ പുറം രാജ്യങ്ങളിലുള്ള ലക്ഷ്യങ്ങളെ കൈപ്പിടിച്ചു കഴിഞ്ഞു. അതിനാൽ ഓസ്ട്രേലിയാ സുരക്ഷിതയായ്ക്കഴിഞ്ഞു.

അല്യൂഷ്യൻ ദ്വീപുകളിലെ കിസ്കാ എന്ന സ്ഥലം മുതൽ, ന്യൂഗിനിയാവരെ ഉൾ റോഡുകൾ വെട്ടുകയും, ന്യൂ ജോർജ്യാ, ഗിൽബർട്ട്സ്, എന്നീ ദ്വീപുകൾ പിടിയ്ക്കുകയും ചെയ്തു.

വൎഷാവസാനത്തോടുകൂടി ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കിക്കഴിഞ്ഞു. യൂറോപ്പിന്റെ സ്വാതന്ത്ര്യത്തിന്നും വിജയത്തിന്നുംവേണ്ടി, യുനൈറ്റഡ് സ്റ്റേററ്സിൽ വെച്ചു, സംഘടിക്കപ്പെട്ട, ബ്രിട്ടീഷ്, യുനൈറ്റഡ് സ്റ്റേററ്സ് സൈന്യങ്ങളുടെ സുപ്രീം അലൈഡ് കമ്മാൻഡർ ആയി ജനറൽ ഐസൻഹോവറെ നിശ്ചയിച്ചു.

## 1944 സ്വാതന്ത്ര്യ വൎഷം

1944 സ്വാതന്ത്ര്യ വൎഷമായിരിയ്ക്കുന്നതായിരിക്കും. 1944 സപ്തംബർ 3-ാം തിയ്യതി യുദ്ധം തുടങ്ങി അഞ്ചാമത്തെ വൎഷം തികയുന്ന ദിവസമാകുന്നു. ഈ വൎഷത്തിന്നു നമുക്കു സ്വാതന്ത്ര്യ വൎഷമെന്നു നാമകരണം ചെയ്യാം. ഇപ്പോൾ അങ്ങോട്ടു കടന്നാക്രമിക്കൽ ഒരു സാധാരണ സംഭവമായിരിയ്ക്കുന്നു. ഫ്രാൻസ് പകുതിയും മോചിച്ചുകഴിഞ്ഞു.

റോം, പാരീസ്, മാർസല്ലീസ് മുതലായ വമ്പിച്ച യൂറോപ്യൻ നഗരങ്ങൾ രണ്ടാമതും സജീവങ്ങളായി വൎത്തിക്കുവാൻ തുടങ്ങി.

അഞ്ചു കൊല്ലങ്ങൾക്കുമുമ്പു ഭയങ്കര സ്വരൂപങ്ങളോടുകൂടിയുണ്ടായിരുന്ന ഭയാശങ്കകൾ, ഇപ്പോൾ വേരോടെ പറിച്ചു തള്ളപ്പെട്ടിരിയ്ക്കുന്നു. ഇനി ഭയപ്പെടേണ്ട ആവശ്യമേയില്ല.

ഇന്ത്യയിൽ നാം സുരക്ഷിതരാകുന്നു.

ബർമ്മയിൽ ജാപ്പാൻകാരുടെ സ്ഥാനങ്ങളിൽ 14-ാം പട വളഞ്ഞു കഴിഞ്ഞിരിക്കുന്നു. അവർ അവിടെ ഉൾവഴികൾ വെട്ടിത്തെളിയിക്കുന്നുണ്ടു്.

ഹിറ്റ്ലരുടെ സാമ്രാജ്യത്തെ അടിച്ചു തകൎത്തു കൂത്താടുന്ന ദുശ്ശക്തികളുടെ ആക്രമണം, ജപ്പാനിലും, ജപ്പാന്റെ മററു രാജ്യങ്ങളിലും അടുത്തുണ്ടാവുമെന്നു, അവരുടെ ചക്രവൎത്തിയായ മിക്കാഡൊ മുതൽ ഏററവും നിസ്സാരനായ അടിമവരെ അറിയാവുന്നതാകുന്നു. ഭാവിയിലേക്കു നമുക്കു വിശ്വാസത്തോടെ വീക്ഷിക്കാം.

ഓരോ സ്വാതന്ത്ര്യവും, ഓരോ രാജ്യവും, ഇന്നു ലോകം അനുഭവിച്ചുവരുന്ന കഷ്ടങ്ങൾ അറിയുന്നതാണല്ലൊ. യുദ്ധാവസരങ്ങളിലും സമാധാനാവസരങ്ങളിലും, എല്ലാവരും ദുർബ്ബലനെ സഹായിയ്ക്കുവാനും, അവനവന്റെ ദുസ്സ്വഭാവങ്ങളെ പാടെ നശിപ്പിച്ചു സഹകരണവും, അനുകമ്പയും, ധൈര്യവും, പരിശീലിക്കുവാൻ അഭ്യസിക്കുന്നതായാൽ, അതൊരു വെറും വാക്കല്ലാതെ; യഥാർത്ഥമായൊരു ദീപ്തിയായ് നമ്മുടെ രാജ്യത്തു പ്രകാശിക്കുന്നതായിരിയ്ക്കും. ഒരു സാധാരണക്കാരനായ സോൾജരുടെ ഭക്തി നമുക്കുണ്ടായിരിക്കണം. ഇന്നത്തെ സംഭവങ്ങൾ ഇത്തരത്തിലാക്കിയതും യുദ്ധം തുടങ്ങി ആറാമത്തെ ഈ കൊല്ലം, യുദ്ധമവസാനിപ്പിക്കുവാൻ പ്രയത്നിക്കുന്നതുമായ, ഒരു സാധാരണ സോൾജർക്കുള്ള ഭക്തിവിശ്വാസങ്ങൾ നമുക്കും ഉണ്ടായിരിക്കേണ്ടതാകുന്നു.



UNIVERSITY LIBRARY
10 FEB 1946
MADRAS

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.